# DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

എഡിറ്റോറിയൽ

**Vol. 21 No. 5, 2010 May 15**

## ഒരു ജ്യേഷ്ഠന്റെ ഓർമ്മക്കുറിപ്പ്

ഞങ്ങളുടെ കുഞ്ഞനുജൻ പിറക്കുമ്പോൾ അപ്പച്ചൻ അറുപതിന്റെ ഉമ്മറത്ത്. അമ്മ അമ്പതിന്റെയും.

പുറ്റാനിൽ അച്ചന്റെ നാല്പത് വർഷത്തെ തപസ്സുതുല്യമായ വൈദീകശുശ്രൂഷയ്ക്ക് ദൈവത്തിന്റെ ഉപഹാരമായിരുന്നു ആ കുഞ്ഞുമകൻ. ഞങ്ങളുടെ നാട്ടിലെങ്ങും ഇത്ര വൈകി ഒരു ജന്മം സംഭവിച്ചതായി കേട്ടറിവുപോലുമില്ല. 1952 ജൂൺ 28 ഞങ്ങൾക്ക് സന്തോഷത്തിന്റേതിനൊപ്പം അത്ഭുതത്തിന്റെയും ദിവസമായിരുന്നു. 'ഈ പിറവിക്ക് പിമ്പിൽ ഒരു ദൈവോദ്ദേശ്യമുണ്ട്'. ഞങ്ങൾ ഓരോരുത്തരും ചിന്തിച്ചുറച്ചത് അപ്രകാരമായിരുന്നു. പക്ഷേ ആ ഉദ്ദേശ്യം വ്യക്തമായത് 38 വർഷങ്ങൾക്കുശേഷം 1990 മെയ് 3 ന് ആയിരുന്നു. അന്ന് പുറ്റാനിലച്ചന്റെ കുഞ്ഞുമകൻ– എട്ടാമത്തെ സന്താനം– തോമസ് മാർ അത്താനാസ്യോസ് എന്ന പേരിൽ കണ്ടനാടിന്റെ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടു.

അപ്പച്ചന് പ്രിയപ്പെട്ട പേരായിരുന്നു തോമസ്. 1988 ലെ സെയ്ന്റ് തോമസ് ദിനത്തിലാണ് അദ്ദേഹം ദൈവസന്നിധിയിലേയ്ക്ക് വിളിക്കപ്പെട്ടത്. ഞങ്ങൾ ആൺകുട്ടികൾ മറ്റ് അഞ്ച് പേർക്കും നൽകാതെ ആ പേര് ഞങ്ങളുടെ കുഞ്ഞനുജനുവേണ്ടി അപ്പച്ചൻ കരുതിവച്ചിരിക്കുകയായിരുന്നെന്ന് തോന്നുന്നു. തോമസുകുട്ടി പഠിത്തത്തിൽ ഞങ്ങളിലെല്ലാവരിലും മിടുക്കനായിരുന്നു. എന്നുവച്ച് അസാധാരണ സമർത്ഥൻ എന്നൊന്നും വിചാരിക്കേണ്ട. സ്കൂളിൽ പോകുമ്പോൾ കൂട്ടുകാരുടെ അമ്മമാർ വിളിച്ചു പറയും, 'ദേ, അച്ചന്റെ തോമസുകുട്ടി വരുന്നുണ്ട്. ആ കൂടെ പൊയ്ക്കൊള്ളൂ.' ആൾ ഫലിതക്കാരനാണ്. കൂട്ടുകാർ ധാരാളം. തമാശ പറയുക മാത്രമല്ല ചിലപ്പോൾ കാണിക്കുകയും ചെയ്യും. ഹൈസ്കൂളിൽ പഠിക്കുന്നകാലം. ഒരു ദിവസം സ്കൂളിൽ നിന്ന് മടങ്ങിയെത്തിയത് പളനിയിൽ നേർച്ച കഴിച്ച മട്ടിലായിരുന്നു. "എങ്ങനെയുണ്ട്? യൗസേഫ് പിതാവിന്റെ പണിയായുധം പോലെയില്ലേ? ക്ലീൻ?" മുണ്ഡനം ചെയ്ത സ്വന്തം തല ചൂണ്ടിക്കാണിച്ചു കൊണ്ട് വീട്ടുകാരോടാണ് ചോദ്യം. കൂട്ടുകാരിൽ ആരോടോ വാതുവച്ചതായിരുന്നു പോലും!

സ്കൂളിൽ പഠിക്കുന്ന പുതിയ കാര്യങ്ങളെല്ലാം പിമ്പേ നടന്ന് അമ്മയെ പറഞ്ഞ് കേൾപ്പിക്കും. ഇടയ്ക്കിടയ്ക്ക് ചോദ്യവുമുണ്ടാകും. പാവം അമ്മയ്ക്ക് പലതും പിടികിട്ടുമായിരുന്നില്ല. ഇതായിരുന്നു പഠനരീതി. ഞങ്ങൾ മറ്റുള്ളവരേക്കാളെല്ലാം അപ്പച്ചനോട് കൂടുതൽ അടുപ്പം കുഞ്ഞനുജനായിരുന്നു. പ്രാർത്ഥനയിലും പള്ളിയിലുമെല്ലാം ഒപ്പമുണ്ടാകും. കുഞ്ഞിലേതന്നെ മദ്ബഹായിലും പ്രവേശനം ലഭിച്ചു. റമ്പാച്ചനാകണം എന്നാണ് സാധാരണ ആഗ്രഹമായി പറയാറ്. ഭക്ഷണം അതിനനുസരിച്ച്. കറി അച്ചാർ മാത്രം!

ആംഗല സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നല്ല നിലയിൽ നേടിയ ശേഷം വേദശാസ്ത്രം പഠിക്കാൻ പോകണമെന്നുള്ള ആഗ്രഹം ഒരു ദിവസം അപ്പച്ചനോട് പ്രകടിപ്പിക്കുന്നതു കേട്ട് ഞാൻ അഭിപ്രായപ്പെട്ടു. "ആദ്യം ഏതെങ്കിലും ഒരു കോളജിൽ ജോലി കിട്ടുമോ എന്ന് നോക്ക്. ഭാവി ഉറപ്പാക്കിയ ശേഷം സമയം പോലെ വേദശാസ്ത്രം പഠിക്കാം." പ്രതികരണം പൊടുന്നനേ ആയിരുന്നു. "ഉദ്യോഗത്തിൽ എനിക്ക് താല്പര്യമില്ല. എന്റെ ഭാവിയെക്കുറിച്ച് ആരും ആശങ്കപ്പെടുകയും വേണ്ട." ആ വാക്കുകളിൽ ഏതോ ദൃഢനിശ്ചയത്തിന്റെ സൂചനയുണ്ടായിരുന്നു. പിന്നീട് ഞാൻ ആ വഴിക്ക് സംസാരിച്ചിട്ടുമില്ല.

വൈകാതെ ശെമ്മാശപ്പട്ടം സ്വീകരിച്ചു. സെറാമ്പൂരും ബാംഗ്ലൂരുമായി വേദശാസ്ത്രം പഠിച്ചു. തുടർന്ന് ഗവേഷണ പഠനത്തിനായി ജർമ്മനിയിലെത്തി മ്യൂണിച്ച് സർവ്വകലാശാലയിൽ ചേർന്നു. ലളിതമായി ജീവിച്ച് സ്കോളർഷിപ്പിന്റെ അധികഭാഗവും മിച്ചം വച്ച് അതുകൊണ്ട് പുസ്തകങ്ങൾ വാങ്ങുന്ന രീതിയാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് 1990 ൽ പഠനം പൂർത്തിയാക്കി തിരികെയെത്തിയപ്പോൾ വളരെ വലിയ ഒരു ഗ്രന്ഥശേഖരം സമ്പാദ്യമായുണ്ടായിരുന്നു.

## EDITORIAL BOARD

*President*
**H.G.Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editor*
**Fr. Kochuparambil Geevarghese Ramban**

*Technical Adviser*
**Mr. George Paul**

*Members*
**Prof. Dr. M.P.Mathai**
**Fr. Alias Kuttiparichel**
**Fr. Marydas Stephen**
**Fr. Shibu Kurian**
**Mr. A. G. James**
**Mrs. Jiji Johnson**

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**ഒരു ജ്യേഷ്ഠന്റെ ഓർമ്മക്കുറിപ്പ്............................ 1**

**സഭാ ശുശ്രൂഷയിൽ രണ്ട് പതിറ്റാണ്ടുകൾ.................. 3**
ഡോ. തോമസ് മാർ അത്താനാസ്യോസ്

**പുത്രിമാരും പ്രവചിക്കാതെ വയ്യ.......................... 5**
ജിജി ജോൺസൺ

**സ്ഫോടനം ................................................. 7**
സഖേർ

**പ്രതിവാരധ്യാനം............................................ 8**
ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ

**ബ്രഹ്മചര്യം.................................................. 10**
ഫാ. ബോബി ജോസ്, കട്ടിക്കാട്

**അമ്മതുന്നിയ അങ്കി........................................ 13**
ഫാ. സഖറിയ തോമസ്

**ഐക്യശ്രുതി............................................... 14**
ഡീക്കൻ അബി തട്ടക്കുഴ


**വാർത്തകൾ – അറിയിപ്പുകൾ......................... 15 – 16**

ജർമ്മനിയിൽ നിന്ന് തിരികെയെത്തുന്നതിനു മുമ്പു തന്നെ തോമസ് ശെമ്മാശനെ മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കുന്നതിനുള്ള നീക്കങ്ങൾ ഭദ്രാസനത്തിലെ വൈദീകസംഘം ആരംഭിച്ചു കഴിഞ്ഞിരുന്നു. പൗലോസ് ദ്വിതീയൻ കാതോലിക്കാബാവയുടെ ശക്തമായ പിന്തുണയുമുണ്ടായിരുന്നു. എതിർസ്ഥാനാർത്ഥികൾ ആരും രംഗത്തില്ല. ഒരാൾക്കേ എതിർപ്പുള്ളൂ. തോമസ് ശെമ്മാശന് മാത്രം! സഭയുടെ അക്കാദമിക- ശുശ്രൂഷാ കാര്യങ്ങളിലല്ലാതെ ഭരണരംഗത്ത് പ്രവേശിക്കാൻ ഉദ്ദേശ്യമില്ലെന്നായിരുന്നു ശെമ്മാശന്റെ നിലപാട്. അപ്പച്ചൻ രണ്ട് വർഷം മുമ്പേ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരുന്നു. അതുകൊണ്ട് അനുജനെ സ്വാധീനിക്കാൻ ഞങ്ങൾ ജ്യേഷ്ഠന്മാരെയാണ് പലരും കണ്ടത്. ചില വൈദീക നേതാക്കൾ എന്നെയും സമീപിച്ചു. ഞാൻ വിവരം അവതരിപ്പിച്ചപ്പോൾ ഇതായിരുന്നു മറുപടി. “വല്ലതും വായിച്ചും പഠിച്ചും എഴുതിയുമൊക്കെ സഭാസേവനം നിർവ്വഹിക്കുകയാണ് എന്റെ ലക്ഷ്യം. മെത്രാനാകാനൊന്നും ഞാനില്ല.'' എങ്കിലും ഞാൻ പിന്മാറിയില്ല. എന്നിലെ സ്വാർത്ഥത കൂടി പ്രവർത്തിച്ചു എന്ന് സമ്മതിക്കുന്നു. ശ്രേഷ്ഠ ബാവാ അപ്പച്ചന് കോർ എപ്പിസ്കോപ്പാ സ്ഥാനം നൽകാൻ പലവട്ടം തയ്യാറായതാണ്. അപ്പോഴൊക്കെ അപ്പച്ചന്റെ മറുപടി ഇതായിരുന്നു. “ഞാൻ വയസ്സനായി. എനിക്ക് അത് നൽകിയിട്ട് സഭയ്ക്ക് ഒരു നേട്ടവും ഉണ്ടാവുകയില്ല. എന്റെ മക്കൾ ആർക്കെങ്കിലും അർഹതയുണ്ടെങ്കിൽ നൽകിക്കൊള്ളൂ.'' ഇതൊക്കെ ഉദ്ധരിച്ച് ഞാൻ നിർബന്ധം തുടർന്നു. ഇതുപോലെ മറ്റ് മൂലകളിൽ നിന്നും തലങ്ങളിൽ നിന്നും സമ്മർദ്ദമുണ്ടായപ്പോൾ ചെങ്കുപ്പായത്തിന് അദ്ദേഹം വഴങ്ങുകയായിരുന്നു.

തുടർന്ന് വൈദികശ്രേണിയുടെ പടികൾ ഒറ്റക്കുതിപ്പിന് ഓടിക്കയറേണ്ടിവന്നു. ഡോ. പി.ജെ തോമസ് ശെമ്മാശൻ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. സഭായോജിപ്പ് സംബന്ധിച്ച് ആഗ്രഹവും വ്യക്തമായ കാഴ്ചപ്പാടുമുള്ള തിരുമേനി 1995 ൽ സഭാകേസ് സംബന്ധിച്ച് സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധിക്ക്ശേഷം അതിനനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. ഇതിന് ഭദ്രാസന കൗൺസിലിന്റെയും വൈദിക സംഘം ഉൾപ്പെടെ ഭക്തസംഘടനകളുടെയും പരിപൂർണ്ണ പിന്തുണയും വാഗ്ദാനം ചെയ്യപ്പെട്ടു. കണ്ടനാട് ഭദ്രാസനത്തിലെ പാത്രിയർക്കീസ് പക്ഷത്തെ 72 വൈദീകർ സഭായോജിപ്പിന് ആഗ്രഹവും സമ്പൂർണ്ണ പിന്തുണയും വ്യക്തമാക്കിക്കൊണ്ട് സമ്മതപത്രം തിരുമേനിക്ക് ഒപ്പിട്ടു നൽകി. ഭിന്നിപ്പിക്കുന്നതിലല്ല ഒന്നിപ്പിക്കുന്നതിലാണ് സഭാനേതൃത്വത്തിന്റെ മേന്മയെന്ന് വിശ്വസിക്കുന്ന തിരുമേനി അതിനുവേണ്ടി നീക്കങ്ങളാരംഭിച്ചു. പക്ഷേ അന്യോന്യ വിശ്വാസം അപടകത്തിലെന്ന ധാരണ പരത്തി വടക്കൻ പ്രദേശങ്ങളിലെ പാത്രിയർക്കീസ് പക്ഷക്കാരെ ഉഗ്രവാദികളാക്കി പള്ളികളും, ദയറാകളുമൊക്കെ ആക്രമിച്ച് പിടിച്ചെടുക്കാൻ വിഘടനവാദികൾക്ക് ഒരു പരിധിവരെ സാധ്യമായി. സഭായോജിപ്പിന് സമ്മതപത്രം എഴുതിക്കൊടുത്തവരും എഴുതി വാങ്ങിയവരുമായ

*(ശേഷം അഞ്ചാം പേജിൽ)*

**മെത്രാപ്പോലീത്തായുടെ കത്ത്**



# സഭാശുശ്രൂഷയിൽ രണ്ട് പതിറ്റാണ്ടുകൾ

ഉപശെമ്മാശൻ മുതൽ മെത്രാപ്പോലീത്തവരെയുള്ള വൈദീക പട്ടങ്ങൾ ഞാൻ സ്വീകരിച്ചിട്ട് ഇക്കഴിഞ്ഞ മൂന്നാം തീയതി 20 വർഷം പിന്നിട്ടു. കശ്ശീശാ പട്ടം നൽകപ്പെട്ട അതേദിവസം തന്നെ മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് എന്നെ തെരഞ്ഞെടുക്കുകയാണുണ്ടായത്. ഈയൊരു കാലഘട്ടം മുഴുവനും വ്യക്തിപരമായ എന്റെ കഴിവുകേടുകളുടെയും ശുശ്രൂഷാരംഗത്തെ പരിചയക്കുറവിന്റെയും പ്രതികൂല സാഹചര്യങ്ങളുടെയും മധ്യത്തിൽ സഭാശുശ്രൂഷ നടത്തിക്കൊണ്ടു പോകാൻ ദൈവകൃപ എനിക്ക് ഏറെ ലഭ്യമായെന്ന് പരസ്യമായി പറയുവാനും ആ ദൈവീക പരിപാലനത്തിന് ഹൃദയപൂർവ്വം നന്ദി പ്രകാശിപ്പിക്കുവാനും എനിക്ക് ബാധ്യതയുണ്ട്. ഇടക്കാലത്ത് ആഞ്ഞടിച്ച എതിർപ്പുകൾ, ആരോപണങ്ങൾ, അപവാദങ്ങൾ എന്നിവയെല്ലാം സൃഷ്ടിച്ച പ്രതികൂല സാഹചര്യത്തിൽ തെല്ലും പതറാതെ, തകരാതെ സഭാശുശ്രൂഷയിൽ ഉറച്ചുനിൽക്കുവാൻ ദൈവം ശക്തി നൽകി എന്നത് വളരെ കൃതജ്ഞതയോടെ മാത്രമേ എനിക്ക് സ്മരിക്കാനാവൂ.

മേൽപ്പട്ടസ്ഥാനത്ത് ഞാൻ നിയോഗിക്കപ്പെട്ട സാഹചര്യത്തിൽ ഒരുപക്ഷേ അക്കാദമിക യോഗ്യത ഒഴികെ വേണ്ടത്ര പരിശീലനമൊ അനുഭവ സമ്പത്തോ എനിക്കുണ്ടായിരുന്നില്ല. മറുത്ത് പറയാൻ വയ്യാത്ത ചില കടപ്പാടുകൾക്കും സ്നേഹനിർഭരമായ ചില സമ്മർദ്ദങ്ങൾക്കും മുമ്പിൽ മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പിന് ഞാൻ സമ്മതം മൂളിയപ്പോൾ അത് ദൈവവിളിയാണെന്നൊന്നും എനിക്കത്ര ബോധ്യമുണ്ടായിരുന്നില്ല. എന്നാൽ ശുശ്രൂഷയിൽ പ്രവേശിച്ചതു മുതൽ– പ്രത്യേകിച്ചും വെല്ലുവിളികളെ നേരിടാൻ ആരംഭിച്ച നാൾ മുതൽ– ഇതൊരു ദൈവവിളിയും നിയോഗവുമായിരുന്നു എന്ന തിരിച്ചറിവ് എന്നിൽ വന്നുചേരുകയാണുണ്ടായത്.

എന്റെ തെരഞ്ഞെടുപ്പും വാഴിക്കലും തികച്ചും നിയമാനുസൃതവും വ്യവസ്ഥാപിത രീതിയിലുമായിരുന്നു. സഭാകേസിൽ ജസ്റ്റിസ് ചന്ദ്രശേഖര മേനോന്റെ വിധി പ്രാബല്യത്തിലിരുന്ന കാലമായിരുന്നു അത്. മലങ്കര സഭയിലെ ഇരുവിഭാഗങ്ങൾക്കും അവരവരുടെ ഭരണസംവിധാന പ്രകാരം പ്രവർത്തിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട് എന്ന് വ്യക്തമാക്കുന്നതായിരുന്നു ആ വിധി. അതുകൊണ്ട് തെരഞ്ഞെടുപ്പിലോ, വാഴിക്കലിലോ നിയമപ്രതിസന്ധിയൊന്നും ഉണ്ടായില്ല. ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ പ്രധാന കാർമ്മികത്വത്തിലും മലങ്കരസഭയിലെ പാത്രിയർക്കീസ് വിഭാഗത്തിലെ സകല മെത്രാപ്പോലീത്താമാരുടെയും സഹകരണത്തിലുമായിരുന്നു മേൽപ്പട്ടദാനവും സ്ഥാനാരോഹണവും. കണ്ടനാട് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായിരുന്ന മുറിമറ്റത്തിൽ തിരുമേനി കാലം ചെയ്തതിന്റെ അനുസ്മരണദിനമായ മെയ് 3–ാം തീയതിയായിരുന്നു ഇത്. ബൈസന്റയിൻ പഞ്ചാംഗ പ്രകാരം അലക്സാന്ത്രിയായിലെ വലിയ മാർ അത്താനാസ്യോസിന്റെ ഓർമ്മ ദിവസവുമായിരുന്നു. അതേദിവസം ആലുവായിലെ വലിയ തിരുമേനിയുടെ പവിത്രനാമം സ്വീകരിച്ച്, മൂവാറ്റുപുഴ അരമനയ്ക്ക് സമീപം നിർമ്മിക്കപ്പെട്ട പന്തലിൽവച്ച് നടന്ന സ്ഥാനാരോഹണ ശുശ്രൂഷയിൽ ഞാൻ കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി അവരോധിക്കപ്പെട്ടു. മലങ്കരയുടെ എല്ലാഭാഗങ്ങളിൽ നിന്നുമായി വന്നെത്തിയ ഒരു വലിയ വൈദീക സമൂഹവും ജനാവലിയും ചടങ്ങിൽ സംബന്ധിച്ചു. ഇത്രമാത്രം ജനം പങ്കെടുത്ത മെത്രാൻ സ്ഥാനാരോഹണവും അതിനോടനുബന്ധിച്ച് നടന്ന പ്രൗഢമായ അനുമോദന സമ്മേളനവും മലങ്കരസഭയിൽ അതുവരെ അപൂർവ്വമായേ സംഭവിച്ചിട്ടുള്ളൂ.

കാര്യങ്ങൾ വേണ്ടത്ര മനസ്സിലാക്കാൻ സാവകാശം ലഭിക്കാതെയാണ് ഞാൻ സ്ഥാനമേറ്റത്. എങ്കിലും അവ പഠിക്കുവാനുള്ള സന്ദർഭം പിന്നീടുണ്ടായപ്പോൾ അത് പ്രയോജനപ്പെടുത്തുവാൻ എനിക്ക് സാധിച്ചു. മലങ്കര സഭയിൽ എഴുപതുകളുടെ മദ്ധ്യത്തിൽ ആരംഭിച്ച രണ്ടാമത്തെ പിളർപ്പിന്റെ കാലം മുതൽ പഠനകാര്യങ്ങൾക്കായി നാട്ടിൽ നിന്ന് മാറി നിന്നിരുന്നതുകൊണ്ട് എനിക്ക് 'സഭാരാഷ്ട്രീയം' സബന്ധിച്ച് നേരിട്ട് അറിവോ ആവേശമോ ഉണ്ടായിരുന്നില്ല. അന്നത്തെ ശ്രേഷ്ഠ കാതോലിക്കേറ്റിന് പ്രവർത്തിക്കാനാവാത്ത വിധത്തിലുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള മന:പ്പൂർവ്വവും ആസൂത്രിതവുമായ ശ്രമം നടക്കുന്ന കാലഘട്ടവുമായിരുന്നു അത്. പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവ മലങ്കരസഭാകാര്യങ്ങളിൽ യാതൊരു വ്യവസ്ഥയോ മാനദണ്ഡമോ കൂടാതെ ഇടപെട്ടിരുന്നു. അദ്ദേഹത്തിന്റെ പിൻബലത്തോടെ സഭാസംവിധാനത്തിന്റെ പ്രവർത്തനം അപ്പാടെ സ്തംഭിച്ച ചുറ്റുപാടായിരുന്നു. ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് രണ്ടാമന്റെ പേരിൽ

നടപടി ഉണ്ടാകാതിരിക്കാൻ രണ്ടാമത്തെ കാരണം കാണിക്കൽ നോട്ടീസ് പാത്രിയർക്കീസ് ബാവ നൽകിയിട്ട് അധികകാലമായിരുന്നില്ല. ഈ സന്ദർഭത്തിലായിരുന്നു എന്നെ മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തതും വാഴിച്ചതും. അതുകൊണ്ട് വാഴ്ചയ്ക്ക് അന്ത്യോഖ്യാപാത്രിയർക്കീസിന്റെ അംഗീകാരം കിട്ടുമോ എന്ന് തിട്ടമുണ്ടായിരുന്നില്ല. എങ്കിലും തടസ്സമൊന്നും സംഭവിച്ചില്ല. മാത്രമല്ല, അംഗീകാരവും അതോടൊപ്പം എന്നെ കാര്യമായി പ്രകീർത്തിച്ചുകൊണ്ടുള്ള ഒരു സന്ദേശവും അയച്ചുതരികയാണ് ഉണ്ടായത്. ഏതായാലും വളരെ കലുഷിതമായ ഒരു കാലഘട്ടത്തിലായിരുന്നെങ്കിൽ പോലും തികച്ചും ശാന്തവും സൗഹൃദപൂർവ്വവുമായ അന്തരീക്ഷത്തിലാണ് ഞാൻ മെത്രാസനത്തിന്റെ ചുമതല ഏറ്റെടുത്തത്.

പാത്രിയർക്കീസ് വിഭാഗത്തിന്റെ മലങ്കരയിലെ ഭരണസംവിധാനത്തിൽ പാത്രിയർക്കേറ്റിന്റെ നിരന്തരമായ ഇടപെടൽ ഇവിടെ ഒരുതരം അരാജകത്വവും പ്രതിസന്ധിയും സൃഷ്ടിച്ചിരുന്നു. ആ നില മാറണമെങ്കിൽ പാത്രിയർക്കേറ്റുമായി വ്യവസ്ഥാപിതമായ ബന്ധമാണ് ആവശ്യമെന്ന് എനിക്ക് തോന്നി. അതിലേയ്ക്ക് സഭയുടെ മൊത്തം ശ്രദ്ധ തിരിക്കുന്നതിനു വേണ്ടിയാണ് കണ്ടനാട് ഭദ്രാസനത്തിന്റെ പ്രസിദ്ധീകരണമായ ഡയോസിസൻ ബുള്ളറ്റിനിൽ 'സഭയുടെ ഘടന മാറണം' എന്ന ശീർഷകത്തിൽ ഞാനൊരു ലേഖനപരമ്പര പ്രസിദ്ധീകരിച്ചത്. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവ മലങ്കരസഭയിൽ ഇടപെടുന്നതും ഇടപ്പെട്ടിരുന്നതും ശരിയായ രീതിയിലായിരുന്നില്ല. അതിനെ ന്യായീകരിക്കാനോ സാധൂകരിക്കാനോ സാധ്യവുമല്ല. ഇവിടത്തെ എപ്പിസ്കോപ്പൽ നേതൃത്വം ഇത് സംബന്ധിച്ച കാര്യങ്ങൾ ജനത്തെ അറിയിക്കുവാനുള്ള ആർജ്ജവത്വവും സത്യസന്ധതയും കാണിച്ചിരുന്നില്ല. സ്വകാര്യസംഭാഷണങ്ങളിലെല്ലാം പാത്രിയർക്കീസിനെ മോശമായി ചിത്രീകരിക്കുകയും പൊതുവേദികളിൽ അന്ത്യോഖ്യായ്ക്ക് അനുകൂലമായി വികാരതരംഗം സൃഷ്ടിക്കുകയുമാണ് ചെയ്തിരുന്നത്. ഈ നില മാറ്റി അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായി ആരോഗ്യകരമായ ബന്ധം പുനഃസ്ഥാപിക്കുന്നതിനാണ് ഞാൻ ഈ ലേഖനപരമ്പര വഴി ശ്രമിച്ചത്. സഭയിൽ അല്പമൊക്കെ പ്രകോപനം സൃഷ്ടിച്ചെങ്കിലും തുടർന്ന് ഏതാനും വർഷത്തേയ്ക്ക് രംഗം ശാന്തമാക്കുവാൻ ഈ വിമർശനം സഹായിച്ചു എന്നാണ് എന്റെ വിചാരം. ഇതിനിടെ പരി. പാത്രിയർക്കീസ് ബാവയുടെ ക്ഷണം സ്വീകരിച്ച് ഞാൻ പരി. പിതാവിനെ സന്ദർശിക്കുകയും ഒരാഴ്ചയിലധികം അവിടെ താമസിക്കുകയും ചെയ്തു. വിശിഷ്ടാതിഥികളെ സ്വീകരിക്കുന്ന ഹാളിൽ അദ്ദേഹം എത്തി വളരെ ഔപചാരികവും സ്നേഹനിർഭരവുമായ ആതിഥ്യമാണ് എനിക്കു നൽകിയത്. ദിവസങ്ങളോളം പരി. പിതാവുമായി ഞാൻ മലങ്കരസഭാ കാര്യങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടത്തി. ഞാൻ എഴുതിയിരുന്ന 'സഭയുടെ ഘടന മാറണം' എന്ന ലേഖനത്തിന്റെ ചുരുക്കം മനസ്സിലാക്കിയിരുന്നതായും അദ്ദേഹം വെളിപ്പെടുത്തി. ലേഖനത്തിന്റെ കാര്യത്തിൽ അദ്ദേഹം നീരസമൊന്നും പ്രകടമാക്കിയില്ല. എന്നുമാത്രമല്ല, മലങ്കരസഭയിൽ തുടർന്ന് ഇടപെടൽ അദ്ദേഹത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാവുകയില്ലെന്ന് ഉറപ്പ് നൽകുകയും ചെയ്തു. ആ സന്ദർശനം എനിക്ക് ഏറെ തൃപ്തി നൽകിയ ഒന്നായിരുന്നു. പിന്നീട് കുറെകാലത്തേയ്ക്ക് പാത്രിയർക്കീസ് ബാവയുടെ ഇടപെടൽ സഭയിൽ ഉണ്ടായതുമില്ല. യൂഹാനോൻ മാർ ഫിലെക്സിനോസ് മെത്രാപ്പോലീത്തയുടെ തടഞ്ഞുവച്ചിരുന്ന 'സ്താത്തിക്കോൻ' അംഗീകരിച്ച് എന്റെ കൈവശം അദ്ദേഹം തന്നയയ്ക്കുകയും ചെയ്തു. *(തുടരും)*

സസ്നേഹം
നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

കവിത

## ജീവമഴ

മഴപെയ്തിറങ്ങുന്നു ഭൂമിതന്നിൽ
ചെറുതുള്ളിയായ്, നിറകുടമായ്
ഒരുപാട് നാളായ് ഞാൻ കാത്തിരിപ്പൂ
ആത്മനിറവായ സ്നേഹമാരിയ്ക്കായി
എൻ അന്തരാത്മാവിൻ താപമാറ്റാൻ
സ്നേഹവർഷമേ പൊഴിച്ചാലും ശീതകണം.
വിണ്ടുകീറിയൊരെൻ ഹൃത്തടത്തെ
നറുനീരിനാലൊന്നു പുതുതാക്കുമോ?
ജീവനച്ചാരമാം സ്നേഹവർഷത്താൽ
നീ തന്നെയല്ലേ സ്നേഹമാരി?
നീ തന്നെയല്ലേ ജീവമഴ?
കാൽകരമെല്ലാം ആണിതുളച്ചൊരാ
ക്രൂശിന്നുടയോനാം സ്നേഹസിന്ധോ!
കാത്തിരുന്നേൻ നിന്റെ കാരുണ്യവും തേടി
എന്നിനി, പെയ്യുമോ ജീവമഴ?

**ഷെറി കെ. തോമസ്**
ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം

*വനിതാപംക്തി*

# പുത്രിമാരും പ്രവചിക്കാതെ വയ്യ

**ജിജി ജോൺസൺ**

***"ഞാൻ സകല ജനത്തിൻമേലും എന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും" (അപ്പോ. 2:7)***

ആദിമ സഭ ദൈവത്തോടു കൂടിയുള്ള ജനങ്ങളുടെ ഒരു പ്രാർത്ഥനാ കൂട്ടായ്മയായിരുന്നു. അവഗണിക്കപ്പെട്ടിരുന്നവരും പേരില്ലാതിരുന്നവരും ചൂഷിതരുമായ ജനവിഭാഗങ്ങളെ ദൈവജനത്തിന്റെ പദവിയിലേയ്ക്ക് ഉയർത്തി റോമാസാമ്രാജ്യത്തിൽ വിമോചനത്തിന്റെ കാഹളം മുഴക്കുവാൻ സഭയ്ക്ക് കഴിഞ്ഞു. ***ലോകത്തെ ആകമാനം പുതുക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ പങ്കാളികളാകാനുള്ള ആഹ്വാനമാണ് പെന്തികൊസ്ത് അനുഭവം നൽകുന്നത്.*** അഖിലലോക സഭാ കൗൺസിലിന്റെ വിശ്വാസ പട്ടത്വ കമ്മീഷന്റെ റിപ്പോർട്ടിൽ പരിശുദ്ധാത്മ പ്രവർത്തനങ്ങളെക്കുറിച്ചു പറയുന്നത് എല്ലാ സംസ്ക്കാരങ്ങളുടെയും മണ്ഡലത്തിൽ പ്രവാചകദൗത്യത്തിനു വേണ്ടി സഭയെ ശക്തീകരിക്കുന്ന ധർമ്മമാണ് പരിശുദ്ധാത്മാവ് നിർവ്വഹിക്കുന്നത് എന്നാണ്. ഈ പ്രവാചക ദൗത്യത്തെക്കുറിച്ചാണ് പത്രോസ് യോവേൽ പ്രവചനം ഉദ്ധരിച്ച് പറയുന്നത് (അപ്പോ. 2).

യോവേൽ പ്രവാചകൻ തന്റെ പ്രവചനകാലത്ത് (ബി.സി. 4–ാം നൂറ്റാണ്ട്) രാജ്യത്തെ ക്ഷാമവും പ്രകൃതിനാശവും, ദൈവ– മനുഷ്യ ബന്ധവും നശിച്ച പശ്ചാത്തലത്തിലാണ് പ്രവചനം നടത്തിയത്. ഈ ബന്ധം പുനഃസ്ഥാപിക്കാൻ ഹൃദയപൂർവ്വകമായ അനുതാപത്തിനാഹ്വാനം ചെയ്യുകയാണ് അദ്ദേഹം. ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കുമ്പോൾ മനുഷ്യരിൽ നിറയുന്ന ആത്മീകശക്തി - അത് സ്ത്രീപുരുഷ ഭേദമന്യേ എല്ലാവരിലും നിറയുന്നു. തിന്മയെ ചെറുത്ത് നിൽക്കാനുള്ള ശക്തിയാണ് ആത്മാവ് പ്രദാനം ചെയ്യുന്നത്. ഇവിടെ കൂട്ടായ ഒരു പ്രവർത്തനശൈലി രൂപപ്പെടുന്നതും അതുവഴി മുമ്പുണ്ടായിരുന്നതിനേക്കാൾ ക്ഷേമവും ഐശ്വര്യവും

---

*(രണ്ടാം പേജിൽനിന്ന് തുടർച്ച)*

വൈദീകർവരെ ചുവടുമാറ്റി വിഘടനവാദികളുടെ കൂടെച്ചേർന്നു. സഭായോജിപ്പിന് നേതൃത്വം കൊടുത്ത തിരുമേനിയെ പീഡിപ്പിക്കുവാനും അവഹേളിക്കുവാനും ഭീഷണിപ്പെടുത്തുവാനും തുനിഞ്ഞു. 'അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ഓരോ പ്രസംഗവും ഓരോ പുതിയ സുവിശേഷമാണെന്ന്' പ്രകീർത്തിച്ചവരൊക്കെ സഭയെ ഒന്നിപ്പിക്കാൻ ശ്രമിച്ചു എന്ന ഏക 'കുറ്റ'ത്തിന് തള്ളിപ്പറയാനും ഭത്സിക്കുവാനും തുടങ്ങി. പക്ഷേ ഇതുകൊണ്ടൊന്നും തന്റെ നിലപാടിൽ അണുവിട മാറ്റം വരുത്താനോ വിട്ടുവീഴ്ച ചെയ്യാനോ അദ്ദേഹം തയ്യാറായില്ല. പ്രതികൂല സാഹചര്യങ്ങളാണല്ലോ ഒരാളുടെ വ്യക്തിത്വം വിലയിരുത്തുവാൻ പറ്റിയ അവസരം. ഏത് ഭീഷണിക്കും പ്രകോപനത്തിനും പീഡനത്തിനും അതീതമാണ് തിരുമേനിയുടെ കരളുറപ്പും ശുഭാപ്തിവിശ്വാസവും. ഏത് ആപത്സന്ധിയിലും കൈവെടിയാത്തതാണ് ആ ദൈവാശ്രയശീലം. ഏത് അഗ്നി പരിശോധനയിലും പതറുകയോ പരിഭവപ്പെടുകയോ ചെയ്യുന്നതായി ഞാൻ കണ്ടിട്ടില്ല. ഏറിയാൽ അല്പ സമയം മിണ്ടാതിരിക്കും. ആ മൗനം എല്ലാം ശാന്തമാക്കും!

1990 ൽ അഭി. തിരുമേനി കണ്ടനാട് ഭദ്രാസനത്തിന്റെ ശുശ്രൂഷ ഏറ്റെടുക്കുന്ന കാലത്ത് ഭദ്രാസനത്തിൽ സഭയുടേതെന്ന് പറയുവാൻ ഇടുക്കിയിലെ സെയ്ന്റ് മേരീസ് എൽ.പി. സ്കൂൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അതിന്റെ തന്നെ ഉടമസ്ഥത തർക്കത്തിലുമായിരുന്നു. ഇന്നത്തെ സ്ഥിതി അതല്ല. മൂവാറ്റുപുഴ അരമന കോമ്പൗണ്ടിലെ ഷോപ്പിംഗ് കോംപ്ലെക്സ്, കോലഞ്ചേരിയിലെ ട്രിനിറ്റി റിട്ടയർമെന്റ് ഹോം, സുഖദ റീട്രീറ്റ് സെന്റർ, പാമ്പാക്കുടയിലെ സമന്വയ എക്യുമെനിക്കൽ സ്റ്റഡി & ഡയലോഗ് സെന്റർ, വെട്ടിയ്ക്കലിലെ സ്വാശ്രയാ ട്രെയിനിംഗ് & റീഹാബിലിറ്റേഷൻ സെന്റർ, വരിക്കോലിയിലെ ഹാഗിയ സോഫിയ പബ്ലിക് സ്കൂൾ, വടകരയിലെ സന്തുല ട്രസ്റ്റ് ഹോസ്പിറ്റൽ, ഗിലയാദ് മരിയൻ ഓർഫനേജ് & റീ ട്രീറ്റ് സെന്റർ തുടങ്ങിയവ ഭദ്രാസനത്തിനുണ്ട്. സഭയ്ക്കുതന്നെ അഭിമാനകരമായ സ്ഥാപനങ്ങളാണിവ. കടന്നാക്രമണങ്ങളുടെയും കയ്യേറ്റത്തിന്റെയും തീച്ചൂളയിലാണ് ഇവയെല്ലാം പടുത്തുയർത്തിയതെന്നോർക്കണം.

മലങ്കരസഭയുടെ ഐക്യം അഭി. തിരുമേനിയുടെ സ്വപ്നമാണ്. അത് സാധ്യമാകും ഉറപ്പ്. ഭിന്നതയുടെ ധൂമകേതു അസ്തമിക്കാറായി. സഭ ഒന്നാകും. അത്താനാസ്യോസ് തിരുമേനിയുടെ ആഗ്രഹം ഫലമണിയാതെ വരില്ല, കാരണം അത് പരിശുദ്ധാത്മ പ്രേരിതമാണ്. ആത്മാർത്ഥതയുടെ തുടിപ്പാണ്. നിസ്വാർത്ഥതയുടെ ദാഹമാണ്. സർവോപരി അത് ദൈവഹിതം തന്നെയാണ്. ഈ മഹാദൗത്യ നിർവ്വഹണമാണ് തിരുമേനിയുടെ ജനനം സംബന്ധിച്ച പ്രത്യേക ദൈവോദ്ദേശ്യമെന്ന് ഞാൻ കരുതുന്നു. മഹാപുരോഹിത ശുശ്രൂഷയിൽ രണ്ട് പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്ന അഭി. തിരുമേനിക്ക് എല്ലാ ഭാവുകങ്ങളും ഒരിക്കൽക്കൂടി നേരുന്നു.

മാനേ. എഡിറ്റർ

ദൈവാനുഗ്രഹവും വീണ്ടുകിട്ടുന്നതുമായാണ് വിഭാവനം ചെയ്യുന്നത് (യോഹ. 2: 28–29). ആദിമസഭയിൽ നാം കാണുന്ന പെന്തക്കൊസ്തി ആത്മികത ജാതി-ലിംഗ-വർഗ്ഗ-ഭാഷ അതിർവരമ്പുകൾക്കതീതമായിരുന്നു. ആ ഒരുമയുടെ, കൂട്ടായ്മയുടെ വളർച്ചയാണ് ആദിമസമസഭയിൽ നാം കാണുന്നത്.

ഇന്ന് ഈ കൂട്ടായ്മ നഷ്ടപ്പെട്ട അവസ്ഥയാണ്. വിഭാഗീയതയും അടിച്ചമർത്തലും എല്ലാ തുറകളിലും വളരുന്ന ഈ കാലഘട്ടത്തിലാണ് ഒരു പെന്തക്കൊസ്ത് അനുഭവത്തിലൂടെയുള്ള പരിശുദ്ധാത്മാഭിഷേകത്തിന്റെ ആവശ്യകത.

ആദിമ സഭയുടെ കൂട്ടായ്മയുടെ ഒരു പ്രത്യേകതയായിരുന്നു സ്ത്രീ-പുരുഷന്മാർ അനുഭവിച്ചിരുന്ന അടിസ്ഥാന തുല്യത. ദൈവം മനുഷ്യരെ സൃഷ്ടിച്ചതുതന്നെ ആണും പെണ്ണുമായി തന്റെ ഛായയും സ്വരൂപവും നല്കിക്കൊണ്ടായിരുന്നു. ദൈവം മനുഷ്യനായി ജന്മമെടുത്തതിന്റെ യഥാർത്ഥ പങ്കാളികൾ സ്ത്രീയും (മറിയം) ദൈവാത്മാവും മാത്രമായിരുന്ന ആ ക്രിസ്തുശരീരം സ്ത്രീയുടെ ശരീരത്തിന്റെ ഭാഗമായിരുന്നു. ക്രിസ്തുശരീരത്തെ ശരീരവും രക്തവും പങ്കുവച്ച് പാലൂട്ടി വളർത്തിയതുമെല്ലാം ദൈവമാതാവാണെന്ന് നമുക്കറിയാം. പരിശുദ്ധാത്മാവിന്റെ സ്ത്രീയിലൂടെയുള്ള ഇടപെടലാണ് ക്രിസ്തുശാസ്ത്രത്തിന്റെ ജന്മവും വളർച്ചയും.

'പരിശുദ്ധാത്മാവ്' (Pneuma/Ruha) തരുന്ന അർത്ഥം തന്നെ അദൃശ്യമായ ജീവനെ പ്രദാനം ചെയ്യുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനമാണ്. ഈ പദം ഒരു സ്ത്രീലിംഗമാണെന്നത് കേവലം യാദൃച്ഛികം മാത്രമാവാൻ വഴിയില്ല. കാരണം ജീവൻ ഉത്പാദിപ്പിക്കപ്പെടുന്നതും അതിനെ നിലനിർത്തുന്നതും സ്ത്രീയിലൂടെയാണല്ലോ. ഈയൊരർത്ഥത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഏറ്റവും കൂടുതൽ ഉൾക്കൊള്ളാൻ സാധിക്കുന്നത് സ്ത്രീകൾക്കുതന്നെയാണ്. ജീവൻ പ്രദാനം ചെയ്യുന്ന, ആശ്വസിപ്പിക്കുന്ന, പരിപോഷിപ്പിക്കുന്ന ദൈവാത്മാവിന്റെ പ്രവർത്തനവും ഒരമ്മ നിർവ്വഹിക്കുന്നതുതന്നെയാണല്ലോ. ഈ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഒരിക്കലായിട്ടുള്ളതല്ല; അത് നിലയ്ക്കാൻ പാടുള്ളതല്ല. ഈയൊരു പരിശുദ്ധാത്മാഭിഷേകത്തിനായിട്ടാണ്, കർത്താവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് വാഗ്ദാനം ചെയ്തിരുന്ന പരിശുദ്ധാത്മാവിനായുള്ള കാത്തിരുപ്പിൽ മാതാവായ മറിയമിന്റെ നേതൃത്വത്തിൽ സ്ത്രീകളും ശിഷ്യന്മാരോടൊത്ത് പ്രാർത്ഥിച്ചുപോന്നത്. പരിശുദ്ധാത്മാഭിഷേകം ലഭിച്ചതും ഈയൊരുമിച്ചു ചേർക്കപ്പെട്ട സമൂഹത്തിനായിരുന്നു. പിന്നീടുള്ള സുവിശേഷഘോഷണത്തിലും സഭയുടെ വളർച്ചയിലും പുരുഷന്മാരോടൊപ്പം നിർണ്ണായകപങ്ക് വഹിക്കാൻ സ്ത്രീകൾക്ക് കഴിഞ്ഞിരുന്നു. ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികളായ സ്ത്രീകൾ (1.പത്രോ. 3:7) സഭാശുശ്രൂഷയിൽ പല വിധത്തിലുള്ള പങ്ക് വഹിച്ചിരുന്നതായി കാണാം (റോമ. 15:11–6). പരസ്യമായി പ്രാർത്ഥിക്കുക, പ്രവചിക്കുക (1 കൊരി. 16:19) തുടങ്ങിയ ശുശ്രൂഷകൾ ഭംഗിയായി നിർവ്വഹിച്ചിരുന്നു. ഫിലിപ്പോസിന്റെ പ്രവാചികളായ പെൺമക്കളായിട്ടും പൗലോസ് ശ്ലീഹായുടെ കൂടെ സേവനമനുഷ്ഠിച്ചിരുന്നു. ശെമ്മാശനിമാരെക്കുറിച്ചും (ഫിലി. 2, 4:2–3, അപ്പോ. 16:13–15, റോമ. 16:12) ധാരാളം പ്രതിപാദ്യങ്ങൾ കാണാം.

എന്നാൽ സഭ വളർന്നപ്പോൾ അധികാരവും സമ്പത്തും ശക്തിയുമുപയോഗിച്ച് ശക്തിഹീനരെ അടിച്ചൊതുക്കുകയോ പുറംതള്ളുകയോ അവഗണിക്കുകയോ ചെയ്യുന്ന അനുഭവത്തിലേയ്ക്കാണ് വീണ്ടും എത്തിയിരിക്കുന്നത്. ഇവിടെ മനുഷ്യർ തമ്മിലും ദൈവവുമായും പ്രത്യക്ഷമായും പരോക്ഷമായും എല്ലാം ബന്ധം താറുമാറായിരിക്കുന്നു. മുഖ്യധാരയിൽ നിന്ന് ബഹിഷ്കൃതരായിക്കൊണ്ടിരിക്കുന്ന സമൂഹമായി സ്ത്രീകളും ദളിതരും ആദിവാസികളും തുടങ്ങി ഭൂമിയും അന്തരീക്ഷവും വരെ ഉപഭോഗത്തിന്റെ തലത്തിലേയ്ക്കാണ് തരംതാഴുന്നത്. ഇവിടെ ക്രിസ്തുവിന്റെ ശരീരമാണ് വികലമാക്കപ്പെടുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനാണ് കോട്ടം സംഭവിക്കുന്നത്. ജീവന്റെ തുടിപ്പിനാണ് ഭംഗം തട്ടിയത്. വീണ്ടുമൊരു നവീകരണത്തിന്റെ ഹൃദയ പൂർവ്വകമായ അനുതാപത്തിന്റെ ആവശ്യകതയാണ് നമ്മുടെ മുന്നിലുള്ളത്. ഈയൊരു പെന്തക്കൊസ്തി ആചരണം വഴി ***നിർജ്ജീവമായ സകലജനത്തിന്മേലും ആത്മാവ് നിറയട്ടെ, ഇനിയും പുത്രന്മാരും പുത്രിമാരും പ്രവചിക്കാതെ വയ്യ.*** പരിശുദ്ധാത്മാവേ നിറയണമേ. വിവേകത്തിന്റെയും വിമോചനത്തിന്റെയും തിരിച്ചറിവിന്റെയും ആത്മാവിനെ നിന്റെ സഭയിൽ നിറയ്ക്കണമെ, രൂപാന്തരപ്പെടുത്തണമെ.

***ചിരിച്ചാൽ ചിന്താശൂന്യൻ***
***ചിന്തിച്ചാൽ ഭ്രാന്തൻ,***
***തേങ്ങിക്കരഞ്ഞാൽ സ്ത്രൈണം കൊള്ളി***
***പടവെട്ടിയാൽ ദുഷ്ടൻ***

## വിദ്യാരംഭധ്യാനം

കൂത്താട്ടുകുളം: വടകര ഗിലയാദ് മരിയൻ റീട്രീറ്റ് സെന്ററിൽ മെയ് 27 (വ്യാഴം) 12 വയസ്സുവരെയുള്ള കുട്ടികൾക്കും മെയ് 28 (വെള്ളി) 13 വയസ്സ് മുതലുള്ള കുട്ടികൾ ക്കും ധ്യാനം നടക്കും. രാവിലെ 9 മുതൽ 4 വരെയാണ് ധ്യാനം നടക്കുക. ബ്രദർ നന്ദു ജോൺ ധ്യാനം നയിക്കും. മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് 9961636342, 9447417867 എന്നീ നമ്പറുകളിൽ വിളിക്കുക.

ശിഖ

# സ്ഫോടനം

**സഖേർ**

> "എന്തുകൊണ്ടാണ് നമ്മുടെ പട്ടണങ്ങൾ (കുട്ടികളും) പൊട്ടിത്തെറിക്കുന്നത്!"

നമ്മുടെ പട്ടണങ്ങൾ പൊട്ടിത്തെറിക്കുകയാണ്. മനുഷ്യർ ചിതറിപ്പോവുകയാണ്. എന്നിട്ട് സ്ഫോടനങ്ങൾ നമ്മെ നടുക്കുന്നില്ല. വിളറിപിടിപ്പിക്കുന്നില്ല. വ്യാകുലപ്പെടുത്തുന്നുമില്ല. സത്യത്തിൽ ഇത്രത്തോളം നിഷ്ക്കരുണം വാർത്തകളെ നേരിടാൻ നാം പഠിച്ചത് എങ്ങനെയാണാവോ? ചൈതന്യത്തിന്റെ അവസാന പൊടിപ്പും നമുക്ക് നഷ്ടപ്പെടുകയാണെന്ന ഭീതി വല്ലാതെ ഗ്രസിക്കുന്നുണ്ട്. അല്ലെങ്കിൽപ്പിന്നെ എന്തുകൊണ്ടാണ് 'നമ്മൾ' ഒരുമിച്ച് ചേരുന്ന ഇടങ്ങളെല്ലാം പൊട്ടിത്തെറിക്കുന്നത്. കുടുംബമെന്നും അയൽക്കൂട്ടമെന്നും മതമെന്നും രാഷ്ട്രീയമെന്നുമൊക്കെ നമുക്ക് വിഭജിക്കാം. 'നമ്മൾ' ഉൾപ്പെടുന്ന എല്ലാ മണ്ഡലങ്ങളും ദുഷിതമാവുകയാണ്. മനുഷ്യന് ജീവിക്കാനറിയില്ലേ, മരിക്കാനേ അറിയൂ എന്നുണ്ടോ? പിന്നെയെന്താ നമ്മുടെ ചെറിയ കുടുംബങ്ങളിൽ ചീറ്റലുകളുണ്ടാകുന്നത്? നമ്മുടെ അയൽപക്കത്തുള്ളവർ പരസ്പരം നിത്യശത്രുക്കളാകുന്നത്? സഭകൾ വികാരാധീനമാകുന്നത്? മതം അപകടകരമാകുന്നത്? രാഷ്ട്രീയം ദുർഗന്ധം വമിപ്പിക്കുന്നത്? നമ്മുടെ കെട്ടിടങ്ങൾ ഇടിഞ്ഞുപോകുന്നത്? നമ്മുടെ ബന്ധങ്ങൾ ദുർബലമാകുന്നത്? നാം ഉൾപ്പെടുന്ന എല്ലാ പരിസരങ്ങളും സ്ഫോടനാത്മകമാകുമ്പോൾ എവിടെയോ ഒരു പിഴവ് തിരിച്ചറിയപ്പെടാനുള്ളതുപോലെയാണ് തോന്നുക.

സുഹൃത്തേ, നമ്മൾ ഇത്രത്തോളം അകന്ന് പോകാൻ എന്താവും കാരണം? എല്ലാ സ്ഫോടനങ്ങൾക്കും പിന്നിൽ തീവ്രവാദമുണ്ടെന്നാണ് നാം പറയുക. ശരിക്കും നമുക്കിടയിൽത്തന്നെ ചില തീവ്രമായ വാദങ്ങൾ പ്രബലപ്പെടാറുണ്ടല്ലോ! ആർത്തിയും വാശിയും അധികാരതൃഷ്ണയും ഉപചാപവും പരനിന്ദയും അവഗണനയുമൊക്കെ 'തീവ്രവാദ'ത്തിൽ പെടുമോ എന്നറിയില്ല. എന്നാലോ ബോംബുകൾ പാകി വിളവെടുക്കുന്ന ക്രിയ മാത്രമല്ല അതെന്നറിയാം.

ഇത്രയും നിരാർദ്രമായി നമ്മുടെ കുട്ടികൾ ജീവിക്കുന്നതിൽ വ്യഥയുണ്ടാകണം. ഈ മഹാഭാരതത്തിലെ ഒരു കുഞ്ഞ് കേവലം പത്താമത്തെ വയസ്സിൽ ബോംബുനിർമ്മാണ വിദഗ്ദ്ധൻ എന്ന് മാധ്യമങ്ങളാണ് നമ്മെ അറിയിച്ചത്. ഇനിയെപ്പോഴാണ് നമ്മുടെ കുട്ടികൾ പൊട്ടിത്തെറിക്കുക എന്നാണാകുലപ്പെടേണ്ടത്. നമ്മുടെ പിഴവ് ഇവിടെയെവിടെയോ ആണ്. എല്ലാ ഗർവ്വും അഴിച്ചുവച്ച് ശ്രദ്ധിക്കുക.

ഒറ്റപ്പെട്ടു പോകുന്നതുകൊണ്ടാണോ? ഇങ്ങനെയൊക്കെ. നിറയെ സ്വപ്നങ്ങളുള്ള കഥകൾ പറഞ്ഞുതരാൻ മുത്തശ്ശി ഒപ്പമില്ലാത്തതുകൊണ്ടാണോ? പാടത്ത് കൊറ്റിയെ ഓടിക്കാൻ മുത്തശ്ശൻ കൂട്ടുവരാത്തതുകൊണ്ടാണോ? അതോ, വയലും കിളിയും അന്യംനിന്നുപോയതുകൊണ്ടാണോ? ഇനി ലാപ്ടോപ്പിൽ നിന്നും കണ്ണും വിരലുമെടുത്തിട്ട് ചോറുരുട്ടിത്തരുന്നതിന് അച്ഛന് നേരം കിട്ടാഞ്ഞിട്ടാവുമോ? കൂടെ കളിക്കാൻ ഏട്ടനും കൂട്ടുകാരുമില്ലാതെ പോയതുകൊണ്ടാണോ? തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കരുതെന്ന് ചെവിയിൽ നുള്ളി പറഞ്ഞു തരാൻ അമ്മ മുറ്റത്തേയ്ക്കിറങ്ങി വരാത്തതുകൊണ്ടാവുമോ? അതോ മുറ്റവും ചെടിയും പൂവും തുമ്പിയുമൊക്കെ ടി.വി. യിലല്ലാതെ കണ്ടിട്ടില്ലാത്തതുകൊണ്ടാണോ? ഇങ്ങനെ കുറേ ചോദ്യങ്ങളുണ്ട് ഇനി

# പ്രതിവാരധ്യാനം

**ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ**

**23 മെയ് 2010**

**പെന്തിക്കൊസ്തി ഞായർ**

വി. യോഹ. 14–16 അദ്ധ്യായങ്ങൾ

പെസഹാപെരുന്നാളിനു ശേഷം അൻപതാം ദിവസം യഹൂദന്മാർ ആഘോഷിച്ചിരുന്ന ഒരു പെരുന്നാളാണ് പെന്തിക്കൊസ്തി. വാരോത്സവ പെരുന്നാൾ എന്ന പേരിലും ഇത് അറിയപ്പെട്ടിരുന്നു. യഹൂദന്മാരുടെ കൊയ്ത്തുത്സവ പെരുന്നാളാണിത്. പ്രധാന പെരുന്നാളുകളായ പെസഹാ, പെന്തിക്കൊസ്തി, കൂടാരപ്പെരുന്നാൾ എന്നിവയിലേതെങ്കിലും ഒന്നിന് യഹൂദന്മാരും യഹൂദ മതാനുസാരികളും യെരുശലേം ദേവാലയത്തിൽ എത്തണമെന്ന നിയമം പ്രവാസാനന്തര യഹൂദ സമൂഹത്തിൽ നിലവിലുണ്ടായിരുന്നു. യേശുവിനെ കുരിശിൽ തറച്ചത് പെസഹായുടെ പിറ്റേന്നാളായിരുന്നുവല്ലോ (യോഹ. 18:28–32).

ക്രിസ്തു സഭയ്ക്ക് പെന്തിക്കൊസ്തി ഒരു പുതിയ കൊയ്ത്തുത്സവമാണ്. യഹൂദരെക്കുറിച്ചുള്ള ഭയം നിമിത്തം അടച്ചിട്ട മുറിയിലിരുന്ന ശിഷ്യസമൂഹത്തെ ധൈര്യവും മുഖകാന്തിയുമേകി ജനമധ്യത്തിലേയ്ക്കിറക്കിയ ദിവസം. പരിശുദ്ധാത്മാവിനെ പ്രാപിച്ച് സഭ ഈ ദിവസം ജന്മംകൊണ്ടു. അങ്ങനെ ത്രിയേക ദൈവത്തിലെ മൂന്നാം ആളത്തമായ പരിശുദ്ധാത്മാവ് സഭയിൽ വ്യാപാരം തുടങ്ങിയ ദിവസമായി പെന്തിക്കൊസ്തി.

ഈ പ്രാധാന്യമുൾക്കൊണ്ടാണ് വി. സഭ യോഹന്നാൻ 14–16 അദ്ധ്യായങ്ങൾ വായനയ്ക്കായി ക്രമപ്പെടുത്തിയിരിക്കുന്നത്. വി. ത്രിത്വത്തിലെ മൂന്ന് ആളത്തങ്ങളെക്കുറിച്ച് ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നുണ്ട്. കർത്താവ് പരസ്യശുശ്രൂഷാനന്തരം ശിഷ്യന്മാരെ ഒരുമിച്ചുകൂട്ടി തന്റെ 'മഹത്വീകരണ'ത്തെ കുറിച്ച് അവരോട് സംസാരിക്കുന്നു. തനിക്കായി അവർ സ്വീകരിക്കേണ്ട യാതനകളെ യോർത്ത് പിതാവിനോട് അവർക്കായി പ്രാർത്ഥിക്കുന്നു. (17–ാം അദ്ധ്യായം–മഹാപുരോഹിത പ്രാർത്ഥന). ഈ വേദഭാഗങ്ങളിലൂടെ വി. ത്രിത്വത്തിലെ ആളത്തങ്ങൾ തമ്മിലുള്ള അനുപൂരകത്വവും, ഏകത്വവും, സ്നേഹവും, അനന്യതയും വിശദമാക്കുന്നു. നിങ്ങൾ പതറിപ്പോകാതിരിക്കുവാൻ ഇവയെല്ലാം മുൻകൂട്ടി അറിയിക്കുന്നുവെന്നാണ് പരിശുദ്ധ സഭയുടെ അടിസ്ഥാന വിശ്വാസമായ ത്രിയേക ദൈവത്തിനെ സംബന്ധിച്ച മനോഹരമായ

---

യും. ഇതൊക്കെക്കൊണ്ടു തന്നെയാവും നമ്മുടെ കുട്ടികൾ കർക്കശക്കാരാവുന്നത്. പൊട്ടിത്തെറികൾ ഉണ്ടാക്കുന്നത്. അവരുടെ സർഗ്ഗാത്മകത വിലക്ഷണമാകുന്നത്. സത്യമായും അവരുടെ വാദങ്ങൾ തീവ്രമാകുന്നതിനും അവരുടെ സ്വപ്നങ്ങൾ തകർക്കലുകൾ മാത്രമാകുന്നതിനും ഇങ്ങനെയും ചില കാരണങ്ങൾ ഉണ്ടാകും.

ഇതിനോട് ചേർത്തു വയ്ക്കാൻ ഒരു നാട്ടുവിശേഷം കൂടെയുണ്ട്. മലയാള ഭാഷയിൽ ഒരു പ്രയോഗമുണ്ട്. 'ഊട്ടിയുറപ്പിക്കുക' പലതവണ നാം പറഞ്ഞിട്ടുണ്ട്, കേട്ടിട്ടുമുണ്ട്. എന്നാൽ അതിനുള്ളിലെ ഊട്ടലും ഉറപ്പിക്കലും ശ്രദ്ധിച്ചിട്ടുണ്ടാവില്ല. ഊട്ടാതെ ഉറപ്പിക്കാനാവില്ല എന്നറിവുള്ളതുകൊണ്ടാവും കാർന്നോന്മാർ കല്യാണങ്ങളെല്ലാം സദ്യയോടെ നടത്തിപ്പോന്നത്. എല്ലാ പ്രധാന ചടങ്ങുകളിലും ഈ "ഊട്ടൽ" നിർബന്ധവുമായിരുന്നു. ശരിക്കും നമുക്കിന്ന് ഉണ്ണാനറിയില്ല. പിന്നെയല്ലേ ഊട്ടുക. ഓണം വന്നാൽ അവധി കിട്ടും എന്നല്ലാതെ ഊണു കിട്ടും എന്ന് നമ്മുടെ കുട്ടികൾക്ക് അറിയില്ലല്ലോ! അതുകൊണ്ടെന്താ? "കാണം വിറ്റും ഓണം ഉണ്ണണം" എന്നല്ലല്ലോ നമ്മുടെ വിചാരം. 'ഓണം വിറ്റും കാശുണ്ടാക്കണം' എന്നല്ലേ.? നേരുപറഞ്ഞാൽ നമുക്കൊന്നിച്ചിരുന്നുണ്ണാൻ ഒരുനേരം പോലും ആവുന്നില്ല. അത്താഴമെങ്കിലും ഒരുമിച്ചാവുന്നില്ലെങ്കിൽ എങ്ങനെയാണ് കരുത്തുള്ള ബന്ധങ്ങൾ ഉണ്ടാവുക. ഊട്ടിയുറപ്പിക്കലുകളുണ്ടാവണം. പിന്നെയാരും ഒറ്റപ്പെടില്ല. നമ്മുടെ കുട്ടികളും പട്ടണങ്ങളും ശാന്തരാവട്ടെ. സ്വസ്ഥതയുള്ളവരാകണം നമ്മുടെ മക്കൾ.

എഴുതിയെത്തിയപ്പോൾ ഒരു വെളിപാടുണ്ടായി. ബന്ധങ്ങളെ പവിത്രവും അപാരവുമാക്കുന്ന അത്താഴങ്ങളൊക്കെ തിരുവത്താഴത്തെയാണ് ഓർമ്മിപ്പിക്കുകയെന്ന്. നമ്മുടെ ഇടപെടലുകളെ വിശദീകരിച്ചുകൊണ്ടാണ് വി. ബലി ഊട്ടിയുറപ്പിക്കലാകുന്നത്. ചേർന്നിരിക്കുന്ന അപ്പത്തെ മറന്ന് നമുക്ക് പരസ്പരം പോർവിളിക്കാനാവില്ല. നമ്മുടെ കുഞ്ഞുങ്ങൾ വെറുതേ പൊട്ടിത്തെറിക്കുന്നവരാകില്ല. നമ്മുടെ ഒത്തുചേരലുകൾ ഒരിക്കലും സ്ഫോടനാത്മകവുമാകില്ല.

ഭിന്നിച്ച് പോയ കുറെ മനുഷ്യരും ചിതറിപ്പോയ ഒരുപറ്റം സ്വപനങ്ങളും നമുക്ക് ചുറ്റുമുണ്ട്. പേരറിയാത്ത അപരിചിതരായ ആ സ്നേഹിതർക്കുവേണ്ടിയുള്ള പ്രാർത്ഥനയോടെ വേണം ഈ കുറിപ്പ് വായിച്ചു തീർക്കാൻ എന്നൊരപേക്ഷ കൂടെയുണ്ട്!

**പൂരകം:** ഗുരു തന്റെ യുവശിഷ്യന്മാർക്ക് ഓരോ വിത്തു നൽകി. ഒന്നാമൻ തനിക്കു ലഭിച്ചത് ചുട്ടുതിന്ന് വിശപ്പടക്കി. രണ്ടാമൻ തനിക്കു ലഭിച്ചത് നിലത്തു പാകി വിളവെടുത്ത് കുറെയാളുകളുടെ വിശപ്പടക്കി.

ചുട്ടുതിന്ന യൗവനമാകരുത് നമ്മുടേത്. സർഗ്ഗാത്മകമായ യുവത്വം കൊണ്ടാണ് നാം പ്രതിരോധിക്കേണ്ടത്.

പഠിപ്പിക്കൽ. യഹൂദന്റെ കാർഷികോത്സവത്തിന് ക്രിസ്തുചരിത്രം നൽകുന്ന പുതിയ കൊയ്ത്തുത്സവം, പെന്തിക്കൊസ്തി. ഈ പെരുന്നാളുറപ്പിക്കുന്ന ത്രിയേകദൈവത്തിന്റെ കൃപ നമ്മോടൊപ്പം ഉണ്ടായിരിക്കട്ടെ.

**30 മെയ് 2010**

**പെന്തിക്കൊസ്തിക്കു ശേഷം 1–ാം ഞായർ**

വി. യോഹന്നാൻ 6:26–35

അഞ്ചപ്പവും രണ്ട് മീനും കൊണ്ട് അയ്യായിരത്തെ തൃപ്തിപ്പെടുത്തിയ കർത്താവിനെ തേടി കഫർന്നഹൂമിലെത്തിയ ജനവുമായുള്ള കർത്താവിന്റെ സംഭാഷണമാണ് ഈ വേദഭാഗം. ചോദ്യോത്തര രീതി പ്രബോധനത്തിന് ഏറ്റവും അനുയോജ്യമായ രീതിയാണ്. ഈ ശൈലി സുവിശേഷകൻ ഇവിടെ അവലംബിച്ചിരിക്കുന്നു.

ജനം: നീ എപ്പോൾ ഇവിടെ വന്നു?

കർത്താവ്: ലൗകിക നേട്ടമാണ് നിങ്ങൾ എന്നെ തേടുന്നതിനു കാരണം. അതല്ല വേണ്ടത്, മനുഷ്യപുത്രനിലൂടെ യാഥാർത്ഥ്യമാകുന്ന നിത്യജീവനിലേയ്ക്ക് വരിക, വളരുക.

ജനം: ഞങ്ങൾ എന്തു ചെയ്യണം?

കർത്താവ് : കായികമായ അധ്വാനത്തേക്കാൾ മാനസികവും ആത്മീയവുമായ രൂപാന്തരമാണ് വേണ്ടത്. എല്ലാ പ്രവൃത്തികളേക്കാളും ശ്രേഷ്ഠമായ പ്രവൃത്തിയാണ് 'എന്നിൽ വിശ്വസിക്കുക' എന്നത്.

ജനം: വിശ്വസിക്കുവാനെന്താണ് അടയാളം? അടയാളങ്ങൾ ദൈവത്തിലേയ്ക്ക് നയിക്കുന്ന പ്രതീകങ്ങളാണ് ഈ സുവിശേഷത്തിൽ. എന്നാൽ ജനം വിശ്വാസത്തെ ലൗകീക തലങ്ങളിലേയ്ക്കാണ് സ്വാംശീകരിക്കുന്നത്. അതിനാൽ മരുഭൂമിയിലെ 'മന്ന' എന്നതുപോലൊന്ന് അവർ പ്രതീക്ഷിക്കുന്നു.

കർത്താവ്: നിങ്ങളുടെ അറിവ് യാഥാർത്ഥ്യത്തിലേയ്ക്ക് എത്തുന്നില്ല. യഥാർത്ഥത്തിൽ 'അപ്പം' തരുന്നത് ദൈവമത്രേ. അത് താല്ക്കാലിക ശമനത്തിനല്ല, നിത്യജീവൻ ലോകത്തിന് ദാനം ചെയ്യുവാനുള്ളതത്രേ.

ജനം: ഈ അപ്പം ഞങ്ങൾക്ക് തരണം.

കർത്താവ്: ഞാനാണ് ജീവന്റെ അപ്പം. എന്നിലേയ്ക്ക് വരിക. അങ്ങനെ നശ്വരമായ, ക്ഷണികമായ വിശപ്പിൽ നിന്നും ദാഹത്തിൽ നിന്നും അനശ്വരതയിലേയ്ക്ക്, നിത്യതയിലേയ്ക്ക് വളരുക.

ഈവിധം സംഭാഷണത്തിലൂടെ നിത്യജീവനിലേയ്ക്ക്– വി. കുർബ്ബാനാനുഭവത്തിന്റെ അർത്ഥതലങ്ങളിലേയ്ക്ക് ജനത്തെ നയിക്കുന്നു.

ഈ സംഭാഷണത്തിന്റെ തുടർച്ച പെന്തിക്കോസ്തിക്കു ശേഷമുള്ള മൂന്നാം ഞായറാഴ്ച നാം വായിക്കുന്നു.

**6 ജൂൺ 2010**

**പെന്തിക്കൊസ്തിക്കു ശേഷം 2–ാം ഞായർ**

വി. മത്തായി 10:5–16

ജീവന്റെ അപ്പത്തെക്കുറിച്ച് പറഞ്ഞു തുടങ്ങിയതിന് ഒരിടവേള നൽകിയാണ് ഈ വേദഭാഗം ക്രമീകരിച്ചിരിക്കുന്നത്. എബ്രായാ തിരുവെഴുത്തിന്റെ വാഗ്ദാനമായ മ്ശിഹയാണ് ക്രിസ്തു എന്ന് ഉറപ്പിക്കുകയാണ് വിശുദ്ധ മത്തായിയുടെ ലക്ഷ്യം. അതിന് സഹായകരമായ വിധമാണ് ഈ ഭാഗത്തിലെ വിവരണം.

കർത്താവ് താൻ തിരഞ്ഞെടുത്ത പന്തിരുവരെ വിളിച്ച് താൻ തുടങ്ങിവച്ച ശുശ്രൂഷയുടെ പങ്കാളികളും തുടർച്ചക്കാരുമായി ഭരമേല്പിക്കുന്ന 'അഭിഷേകം' ചെയ്യുന്ന അവസരമാണിത്. ഈ അഭിഷേകത്തിലൂടെ അപ്പോസ്തോലന്മാരുടെ ഉത്തരവാദിത്തത്തെക്കുറിച്ചുള്ള ഉപദേശങ്ങൾ നാം വായിക്കുന്നു.

പരി. സഭയിലെ മേൽപട്ടക്കാർ ഇടവകയിൽ നിന്ന് തിരിച്ചെഴുന്നള്ളുമ്പോൾ പാടുന്ന ഗാനം –അരുളീനാഥൻ...... നിങ്ങളെയും– ഈ വേദഭാഗമാണല്ലോ. ജാതികളെ വിട്ട് ശമര്യാപട്ടണങ്ങളിൽ കടക്കാതെ എന്ന പരാമർശം ഭൂമിശാസ്ത്രപരമാണ്. സാമൂഹ്യ– വർഗ്ഗപരമല്ല എന്നാണ് പണ്ഡിതമതം. യഹൂദന്മാർക്ക് ശമര്യാക്കാരോടുള്ള തൊട്ടുകൂടായ്മയുടെ ഒരു പ്രതിഫലനമാണിത്. മ്ശിഹായെക്കുറിച്ചുള്ള പ്രതീക്ഷയിൽ കഴിയുന്ന ഒരു സമൂഹത്തിൽ അവരുടെ മധ്യേ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിനെ കാണാതെ പോകുന്ന ജനമാണിവിടെ വിവക്ഷ.

ഇവരോടുള്ള ഉത്തരവാദിത്തത്തിൽ അയയ്ക്കപ്പെടുന്നവന്റെ താല്പര്യങ്ങൾക്ക് സ്ഥാനമില്ല. ജനത്തിന്റെ ആടുകളുടെ ആവശ്യങ്ങളും താല്പര്യങ്ങളും അനവധിയാണ്. വ്യത്യസ്തങ്ങളുമാണ്. അവിടെ ഇടയന്റെ സാന്നിധ്യം ഒരു ഭാരമായി തീരരുത്. അങ്ങനെ വന്നാൽ ശുശ്രൂഷ ഫലപ്രദമാവില്ല. സ്വന്തം മടിശ്ശീലയുടെ കനം, യാത്രാസാമഗ്രികളുടെ ഭാരം എന്നിവ ശുശ്രൂഷിക്കപ്പെടേണ്ടവരെ ഇടയനിൽ നിന്ന് അകറ്റും.

ഒരു പ്രദേശത്ത് 'യോഗ്യ'നായവനെ കണ്ടെത്തുക ഈ യോഗ്യത ഭൗതീകസാഹചര്യങ്ങളിലെ ധാരാളിത്തമല്ല 'വന്ദനം' സ്വീകരിക്കുവാൻ 'യോഗ്യ'മാവുകയെന്നതാണ്. ദൈവരാജ്യസാമീപ്യത്തെക്കുറിച്ചുള്ള സന്ദേശവുമായി എത്തുന്നവരുടെ സമാധാനാശംസ സ്വീകരിക്കുന്നവരുടെ, നിസ്വാർത്ഥ വേലക്കാരെ അംഗീകരിക്കാത്തവരുടെ അവസ്ഥ ന്യായവിധിനാളിൽ കഠിനതരമാകും.

അയയ്ക്കപ്പെടുന്നവരുടെ നിർമ്മലതയും ദൗത്യത്തെക്കുറിച്ചുള്ള തീക്ഷ്ണതയും അവരുടെ ലാളിത്യവും അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ പര്യാപ്തമാണ്. സ്വീകരിക്കുന്നവർക്ക് അത് ആനന്ദവും സംതൃപ്തിയും നൽകും. അല്ലാത്തവർക്ക് നാശവും. വിളിയുടെ മാഹാത്മ്യമറിഞ്ഞ് പ്രവർത്തിക്കുവാൻ വിളിക്കപ്പെട്ടവർക്കും സ്വീകർത്താക്കൾക്കും ദൈവം കൃപ ചെയ്യട്ടെ.

**13 ജൂൺ 2010**

**പെന്തിക്കൊസ്തിക്കു ശേഷം 3–ാം ഞായർ**

വി. യോഹന്നാൻ 6:35–46

കഴിഞ്ഞതിനു മുമ്പിലത്തെ ആഴ്ചയിലെ വായനയുടെ തുടർച്ചയാണിത്. 'ഞാൻ ജീവന്റെ അപ്പമാ

**വഴിവിളക്ക്**

# ബ്രഹ്മചര്യം

**ഫാ. ബോബി ജോസ്, കട്ടിക്കാട്**

എനിക്ക് തോന്നുന്നു: പുരോഹിതന് ജീവിതത്തിൽ കൂട്ടുവേണ്ടെന്ന്. വെളിയിൽ യുദ്ധങ്ങൾ തുടരും, ആക്രമണങ്ങളും പ്രത്യാക്രമണങ്ങളും ഉണ്ടാകും. ക്ഷാമം കഠിനമായിത്തീരും. മനുഷ്യർ കള്ളന്മാരും വേശ്യകളും രോഗികളുമായി തരം തിരിക്കപ്പെട്ടുകൊണ്ടിരിക്കും. അവരെ ദൈവത്തിന്റെ മഹത്വമറിയിക്കാൻ നിയുക്തനായ അയാൾ തന്റെ ഭാര്യയെ പരിഗ്രഹിക്കുകയായിരിക്കും. അടഞ്ഞ വാതിൽ തൊട്ട് ആരെല്ലാമോ നിലവിളിക്കും. പക്ഷേ അത് തുറക്കപ്പെടില്ല. 'ആയുസ്സിന്റെ പുസ്തകം.' (സി.വി. ബാലകൃഷ്ണൻ)

പത്തിരുപത് വർഷങ്ങൾക്കു മുമ്പ് സി.വി. ബാലകൃഷ്ണന്റെ 'ആയുസ്സിന്റെ പുസ്തകം' സൗഹൃദങ്ങളിൽ ഒരു സമ്മാനപുസ്തകമായിരുന്നു. അതു വായിച്ചിട്ട് കൂട്ടുകാരി എഴുതി. ശരിക്കും എന്താണീ സെലിബെസി. അതിന്റെ അർത്ഥം അവൾക്കറിയാഞ്ഞിട്ടല്ല.

അവളുടെ ചോദ്യം പൊതുവേ സന്ദേഹിയായ ഒരു സെമിനാരിക്കാരനെ വല്ലാതെ പരിഭ്രമിപ്പിച്ചു. ഒരാൾ എന്തിനാണ് ഒറ്റയ്ക്ക് നടക്കുന്നത്. കുരുവിയും കുറുനരിയും പോലും വീടുകെട്ടുന്ന ഭൂമിയിൽ അയാൾ എന്തുകൊണ്ടാണ് ഒരു കൂര പണിയാത്തത്. വംശാവലിയുടെ പുസ്തകത്തിൽ അയാൾക്ക് ശേഷം ഒരു പേരില്ലാത്തതെന്തുകൊണ്ട്?

> ഇതാണ് ശരിക്കുമുള്ള ബ്രഹ്മചര്യം. വ്യക്തമായ ലക്ഷ്യങ്ങൾ ഉള്ളതുകൊണ്ട് ചില മനുഷ്യർ തങ്ങൾക്കർഹമായ ആഹ്ലാദങ്ങൾ പോലും വേണ്ടെന്ന് വയ്ക്കുന്ന ഒരു ജീവിതക്രമം അങ്ങനെയൊരു വെളിച്ചമില്ലെങ്കിൽ ഒരാൾ അവിവാഹിതനായി കടന്നുപോകുന്നതിനേക്കാൾ ബോറ് പരിപാടി എന്തുണ്ട്?

ദാമ്പത്യത്തേക്കാൾ മീതെയാണ് ബ്രഹ്മചര്യമെന്ന് പഠിപ്പിക്കുന്ന ഒരു സൂചന പോലുമില്ല സുവിശേഷത്തിൽ. സ്വന്തമായി ഒരു വീടുകെട്ടിയുയർത്താതെ കടന്നുപോയപ്പോഴും ഗാർഹിക പശ്ചാത്തലങ്ങളിലായിരിക്കാൻ അവിടുന്നാഗ്രഹിച്ചു. തന്റെ അടുക്കലേയ്ക്ക് വന്നവരുടെ രോഗാതുരമായ ബന്ധങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്നു. ദൈവം ഒരാളാണ് സ്ത്രീയെയും പുരുഷനെയും കൂട്ടിച്ചേർത്തതെന്ന് പഠിപ്പിച്ചു. സഹജമല്ലാത്ത ഒരുതരം ശാഠ്യത്തോടുകൂടി ദാമ്പത്യത്തിന്റെ അവിഭാജ്യതയെ പഠിപ്പിച്ചു.

എന്നിട്ടും അയാൾ എന്തുകൊണ്ടാണ് അവിവാഹിതനായി നിന്നത്? ചെറുപ്രായത്തിലേ ആണും പെണ്ണും വിവാഹിതരാവുന്ന ഒരു സംസ്കാരത്തിൽ മുപ്പതു വയസ്സിനു മീതെയുള്ള ഒരവിവാഹിതൻ ആവശ്യത്തിലേറെ മനുഷ്യരുടെ പുരികം ചുളിച്ചിരുന്നു. അവനെ ഷണ്ഡൻ എന്ന് വിളിക്കാൻ പോലും അവന്റെ കാലം ധൈര്യപ്പെട്ടു എന്ന സൂചനകളുണ്ട്– വിവാഹയോഗ്യനല്ലാത്തവൻ തന്നെ!

ചെറുപുഞ്ചിരിയോടെ ക്രിസ്തു അത് സ്വീകരിച്ചു. എന്നിട്ട് അത്തര

---

കുന്നു.' എന്ന് കർത്താവ് പറയുന്നു. 'ഞാൻ.......... ആകുന്നു' എന്ന ഏഴ് പ്രസ്താവനകൾ ഈ സുവിശേഷത്തിൽ കാണുന്നുണ്ടല്ലോ.

'ഈ ആഹാരം എന്നും ഞങ്ങൾക്ക് തരണമേ' എന്ന അപേക്ഷയുടെ മറുപടിയാണ് 'ജീവന്റെ അപ്പമാകുന്നു' എന്ന പ്രസ്താവന. സദാകാലത്തേയ്ക്കുള്ള നിലനിൽപിനു വേണ്ടി ദൈവം നൽകുന്ന ദാനമാണ് യേശുക്രിസ്തു. ഈ ദാനത്തെ അംഗീകരിക്കുവാൻ വിമുഖത കാണിക്കുന്ന ജനം എങ്ങനെ നിത്യജീവൻ നേടും?

ഈ ദാനം എല്ലാവർക്കും ഉൾക്കൊള്ളുവാനോ സ്വന്തമാക്കാനോ സാധിക്കില്ല. പിതാവിനാൽ ആകർഷിക്കപ്പെടുന്നവർക്കേ ഇത് സാധ്യമാകൂ. നിത്യജീവൻ ഒരു സാന്നിധ്യമായി ഈ ലോകത്തുണ്ടായിരിക്കുമ്പോൾ പോലും ദൈവത്തിന്റെ ഇടപെടലില്ലെങ്കിൽ അത് സ്വാംശീകരിക്കുവാൻ മനുഷ്യൻ അപ്രാപ്തനത്രേ. മനുഷ്യന്റെ നിസ്സാരതയെ വെളിപ്പെടുത്തുകയാണിവിടെ. എന്നെക്കൂടാതെ നിങ്ങൾക്കൊന്നും ചെയ്യാനാകില്ല (യോഹ.15:5) എന്നതിന്റെ മറ്റൊരു വിവരണം.

പുത്രൻ പിതാവിന്റെ ഇഷ്ടം നിറവേറ്റുകയാണ്. പിതാവിന്റെ സ്നേഹം ഭൂമിയിൽ വെളിപ്പെടുത്തപ്പെട്ടതാണല്ലോ പുത്രൻ (യോഹ. 3:16). ആകയാൽ പിതാവിനാൽ പുത്രന് നല്കപ്പെടുന്നവരുടെ ഉയർപ്പും നിത്യജീവനുമാണ് പുത്രൻ ഉറപ്പാക്കുന്നത്.

ഇവിടെയും, ജനത്തിന് ലൗകീകതലം വിട്ട് ചിന്തിക്കുവാനാകുന്നില്ല. അവരുടെ പിറുപിറുപ്പ് യേശുവിന്റെ കുടുംബ സാഹചര്യങ്ങളിലേയ്ക്ക് തിരിയുന്നത് അതിന്റെ സൂചനയാണ്. മനസ്സിന്റെ വ്യാപാരങ്ങൾ പോലും അറിയാവുന്ന ദൈവം അതിനോടുള്ള പ്രതികരണത്തിലും മനുഷ്യന്റെ ബലഹീനതയെ, നിഷ്ഫലതയെ തന്നെയാണ് ചൂണ്ടുന്നത്. പിതാവിനാൽ വിളിക്കപ്പെടുന്ന ആ സ്വരം കേൾക്കുവാൻ കാതുള്ള അനുസരിക്കുവാൻ മനസ്സുള്ള തെരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമേ മനുഷ്യമധ്യേ വസിക്കുന്ന 'വചന'മായ ദൈവത്താൽ നിത്യജീവൻ പ്രാപിക്കാനാകൂ. ആ വിളി കേട്ട് പഠിച്ചവരിൽ നാമും ഉൾപ്പെടുമോ? ■

ക്കാരെ മൂന്ന് തരത്തിൽ പെടുത്താമെന്ന് പറഞ്ഞു. ആദ്യത്തേത് പ്രകൃതിയുടെ കൈത്തെറ്റ് പോലെ ചില മനുഷ്യർ, ആണിനും പെണ്ണിനും ഇടയിലെ നോ- മാൻസ് ലാൻഡിൽ പെട്ടുപോകുന്ന സങ്കടജന്മങ്ങൾ. രണ്ടാമത്തേത് സമൂഹം അപ്രകാരമാക്കുന്നവർ. ഒരു സ്മോളിൽ പങ്കുചേർന്നില്ലെങ്കിൽ, ഭാര്യയെ കമന്റടിച്ചവനെ ഒന്ന് പൊട്ടിച്ചില്ലെങ്കിൽ, മതിലുകെട്ടുമ്പോൾ ഒരു സെന്റീമീറ്റർ ഉള്ളിലോട്ട് കേറിപ്പോയതിന്റെ പേരിൽ അയൽക്കാരൻ ഉറങ്ങുമ്പോൾ അത് തള്ളിയിട്ടില്ലെങ്കിലൊക്കെ അവർ ചോദിക്കുന്നു, നീ ആണാണോ? അങ്ങനെ നിരന്തരമായ സജഷനുകളിലൂടെ സമൂഹം കാസ്റ്ററേറ്റ് ചെയ്യുന്ന മനുഷ്യർ. മൂന്നാമത്തേത് ദൈവരാജ്യത്തെ പ്രതി (ദൈവരാജ്യത്താൽ എന്നൊരു പാഠഭേദം കൂടിയുണ്ട്) അപ്രകാരമായിരിക്കാൻ നിശ്ചയിച്ചിരുന്നവരും ഉണ്ട്. പഴയനിയമത്തിലെ ഉരിയായെപ്പോലെ. ദാവീദ് എത്ര നിർബന്ധിച്ചിട്ടും എന്തിന് മദ്യപിച്ചിട്ടുപോലും യുദ്ധഭൂമിയിൽ നിന്ന് കൊട്ടാരത്തിലേയ്ക്കെത്തിയ അയാൾ വീട്ടിൽ പോയി തന്റെ ഭാര്യയെ സന്ദർശിക്കാൻ തയ്യാറായില്ല. 'അവിടുത്തെ ദാസരും എന്റെ സന്ദേശിതരും ദൂരെ പോർകളത്തിലാണ്. അവരോടൊപ്പം കർത്താവിന്റെ വാഗ്ദത്ത പേടകമുണ്ട്. ഇതൊക്കെ മറന്ന് ഞാനെങ്ങനെ എന്റെ ഭാര്യയോടൊത്ത് പോയി ആഹ്ലാദിക്കും?' എന്നാണ് അയാളുടെ മറുചോദ്യം.

ഇതാണ് ശരിക്കുമുള്ള ബ്രഹ്മചര്യം. വ്യക്തമായ ലക്ഷ്യങ്ങൾ ഉള്ളതുകൊണ്ട് ചില മനുഷ്യർ തങ്ങൾക്കർഹമായ ആഹ്ലാദങ്ങൾ പോലും വേണ്ടെന്ന് വയ്ക്കുന്ന ഒരു ജീവിതക്രമം അങ്ങനെയൊരു വെളിച്ചമില്ലെങ്കിൽ ഒരാൾ അവിവാഹിതനായി കടന്നുപോകുന്നതിനേക്കാൾ ബോറ് പരിപാടി എന്തുണ്ട്?

നിത്യതയുടെ ചില ലക്ഷണങ്ങളുമായി ബന്ധപ്പെടുത്തി സെലിബസിയെ വായിച്ചെടുക്കുന്നത് നല്ലതാണെന്ന് തോന്നുന്നു. ഏഴ് പുരുഷന്മാരെ വിവാഹം കഴിച്ച സ്ത്രീയുടെ കഥയ്ക്കൊടുവിലാണവർ അവനെ വല്ലാതെ കുഴപ്പിച്ചേക്കുമെന്ന് കരുതിയ ഒരു ചോദ്യം ചോദിച്ചത്. നിത്യതയിൽ ഇവൾ ആരുടെ ഭാര്യയായിരിക്കും. ക്രിസ്തു ഊറിച്ചിരിച്ചിട്ടുണ്ടാകും. അവിടെ ആരും കല്യാണം കഴിക്കുകയോ കഴിപ്പിക്കുകയോ ചെയ്യുന്നില്ല. ആരും ആരെയും സ്വന്തമാക്കാത്ത എല്ലാവരും എല്ലാവരുടെയും സ്വന്തമായ ഒരിടമാണ് നമ്മുടെ എസ്ക്കറ്റോളജിക്കൽ സങ്കല്പമെങ്കിൽ അതിന്റെ ഒരു ജൈവ അടയാളമായി മാറുന്നില്ലേ അയാളുടെ ബ്രഹ്മചര്യം?

കുറച്ച് ആലങ്കാരികമായി ചിന്തിക്കുമ്പോൾ ശമര്യക്കാരിയായ അന്വേഷിയുടെ കഥയിലെ ആറാമത്തെ പുരുഷനായി നിൽക്കാനുള്ള ക്ഷണമാണതെന്ന് തോന്നുന്നു. കണ്ടുമുട്ടുന്ന മുഴുവൻ സ്ത്രീകളുടെ സങ്കടമിതാണ്, കണ്ടുമുട്ടുന്ന ഓരോ പുരുഷനും ഒരേപോലെ. അഞ്ച് പേരും ഒരുപോലെ. അലച്ചിലുകളൊക്കെ അയാൾക്കു വേണ്ടിയാണ്. ഇന്ദ്രിയങ്ങളുടെ ചരടോ തൊട്ടിയോ ആവശ്യമില്ലാത്ത എന്റെ ജീവിതത്തെ പ്രകാശിപ്പിക്കുവാൻ പോകുന്ന ഒരാൾ. ശരീരത്തിന്റെ മീഡിയമില്ലാതെ ഒരാളെ പ്രകാശിപ്പിക്കുവാൻ ബലമുള്ള ഒരൊറ്റ ബന്ധമേയുള്ളൂ. ഗുരു. ആ ഗുരുപാരമ്പര്യത്തോട് ചേർന്ന് നിൽക്കുന്നവർ ഇന്ദ്രിയാതീതമായ ചില ബന്ധങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ടെന്ന് സാരം.

പതിവു കളങ്ങളിൽ നിന്ന് നിങ്ങളുടെ സ്നേഹമെന്ന പക്ഷി വിശാലമായ ആകാശം തിരയുന്നു എന്നൊരു ആഹ്ലാദവുമുണ്ട്, സെലിബസിയിൽ. ബൃഹത്താവുന്നതാണ് ബ്രഹ്മം. സ്നേഹം വിശാലമാകുന്നതാണ് ബ്രഹ്മചര്യം. ഒരു ബ്രഹ്മചാരിയും വീടുപേക്ഷിക്കുന്നില്ല. അയാളുടെ വീടിന്റെ ചുവരുകൾ വികസിക്കുകയും മേൽക്കൂര ഉയരുകയും ചെയ്യുന്നുവെന്നേയുള്ളൂ. അതാണെന്റെ നാമത്തെ പ്രതി ചില ബന്ധങ്ങൾ ഉപേക്ഷിച്ചവർക്ക് നൂറുമടങ്ങ് ബന്ധങ്ങൾ ഉണ്ടാവുമെന്ന് ക്രിസ്തു പറഞ്ഞതിന്റെ സൂചന. ക്രിസ്തുവിനെപ്പോലെ അയാളും ആർക്കും ജന്മം കൊടുക്കില്ല. ഇനി മുതൽ പുതിയ നിയമമാണ്- ശരീരം ആവശ്യമില്ലാത്ത പിറവികൾ. ഒരാൾ നിങ്ങൾക്ക് മകനോ മകളോ ആകാൻ നിങ്ങളുടെ ഉദരത്തിൽ പൊടിക്കണമെന്നില്ല- നിങ്ങളുടെ ഔരസ വൃക്ഷത്തിൽ നിന്ന് തളിർക്കണമെന്നുമില്ല. അസുരമായ ഒരു കാലത്തിനത് തീരെ മനസ്സിലാകുന്നില്ല എന്നത് ഗൗരവമായി എടുക്കേണ്ട. ഒരു പെൺകുഞ്ഞിനെ മകളായി കരുതിയതിന്റെ പരുക്ക് ഇനിയും തീർന്നിട്ടില്ല. ശരീരത്തിനു മീതെ ഒന്നുമില്ലെന്ന് കരുതുന്നവരോട് തർക്കിച്ചു ജയിക്കാനുള്ളതല്ല ഒരാളുടെയും ആയുസ്സ്. ജയ്റോസിന്റെ മകളെ മരണനിദ്രയിൽ നിന്ന് കൂട്ടിക്കൊണ്ടു വരുമ്പോൾ ബാലികയ്ക്ക് വല്ലതും കഴിക്കാൻ കൊടുക്കണമേ എന്ന് അവൻ അവളുടെ അമ്മയെ ഓർമ്മിപ്പിക്കുന്നുണ്ട്. ക്രിസ്തു ഉപയോഗിച്ച വാക്കിന് മകൾ എന്നാണ് അർത്ഥമെന്ന് ഒരു വേദവ്യാഖ്യാതത്തിൽ കണ്ടപ്പോൾ കണ്ണു നിറഞ്ഞുപോയി.

> ബൃഹത്താവുന്നതാണ് ബ്രഹ്മം. സ്നേഹം വിശാലമാകുന്നതാണ് ബ്രഹ്മചര്യം. ഒരു ബ്രഹ്മചാരിയും വീടുപേക്ഷിക്കുന്നില്ല. അയാളുടെ വീടിന്റെ ചുവരുകൾ വികസിക്കുകയും മേൽക്കൂര ഉയരുകയും ചെയ്യുന്നുവെന്നേയുള്ളൂ.

ശരീരത്തിൽ വാഴുന്ന ദൈവത്തെക്കുറിച്ചുള്ള ധ്യാനം കൂടിയാണ് ബ്രഹ്മചര്യം. ആ പുരാതന ക്ഷേത്രത്തിന്റെ പേരാണ് ശരീരം. ദൈവം മണ്ണുകൊണ്ട് അവരെ രൂപപ്പെടുത്തി. നാസാരന്ധ്രങ്ങളിൽ നിശ്വസിച്ചുവെന്ന് വേദം. അങ്ങനെയാണ് ഉടൽ ക്ഷേത്രമായത്. അവിടത്തെ ശ്വാസമെന്നാൽ അവിടുത്തെ സാന്നിധ്യമെന്നു തന്നെ അർത്ഥം. അതു മനുഷ്യൻ മറന്നു തുടങ്ങിയപ്പോഴാണ് ക്രിസ്തുവിനു വീണ്ടും ശരീരത്തിൽ പിറക്കേണ്ടി വന്നത്. ഒരു ദേവാലയത്തിന്റെ പൂമുഖത്തു നിന്ന് ക്രിസ്തു ഇങ്ങനെ വിളിച്ചു പറഞ്ഞു. ഈ ദേവാലയം

തകർക്കുക, ഞാനതിനെ മൂന്നു ദിവസം കൊണ്ട് ഉയർത്തും. അവന്റെ കേൾവിക്കാർ ആർത്തുചിരിച്ചു. നാല്പത്താറു സംവത്സരം കൊണ്ട് ഉയർത്തിയ ദേവാലയം! തന്റെ ശരീരമാകുന്ന ദേവാലയത്തെക്കുറിച്ചാണ് അവനത് പറയുന്നതെന്ന് അവർക്കത് മനസ്സിലായില്ല, എന്ന് യോഹന്നാൻ കൂട്ടിച്ചേർക്കുന്നുണ്ട്. അത്തരം ഒരു ക്ഷേത്രബോധം രൂപപ്പെട്ട ഒരാളുടെ മിഴി അയാളുടെ വിളക്കാകുന്നു. പ്രകാശത്തോടും ആദരവോടും കൂടി സ്വന്തം പരിസരങ്ങളെ നോക്കാനുള്ള ഒരു അനുശീലനമാകണം ബ്രഹ്മചര്യം. നീ ഞങ്ങളുടെ മിഴികളിൽ നോക്കുക, ഞങ്ങൾ സ്ത്രീകളാണെന്ന് ഞങ്ങളെ ഓർമ്മിപ്പിക്കാത്ത വിധത്തിൽ...... ഇത്തരം വിചാരങ്ങൾ സെക്സിന്റെ നിരാസമല്ല. ഒരു സത്രം വേറൊരു സത്രത്തെ തിരയുന്നതല്ല. ഒരു ക്ഷേത്രം വേറൊരു ക്ഷേത്രത്തെ തിരിച്ചറിയുന്നതാണ് സഹശയനം.


തിരുവത്താഴ അനുസ്മരണയിൽ നിന്നാണ് ഒരാൾ തന്റെ സെലിബസിയുടെ ഊർജ്ജം കണ്ടെത്തേണ്ടതെന്ന് തോന്നുന്നു. ഓരോ ദിവസവും അപ്പവും വീഞ്ഞും ഉയർത്തി അയാളെന്താണ് പറയുന്നത്. അവൻ തന്റെ ശരീരത്തെ എടുത്ത് വാഴ്ത്തി. വാഴ്ത്തിയ ശരീരബോധമാണ് സെലിബസി.

ഗാന്ധിയാണ് ഒരുപക്ഷേ ബ്രഹ്മചര്യ വിചാരങ്ങളെ ഏറ്റവും ഗൗരവമായെടുത്ത ഒരാൾ. അതിൽ ഒരു കുറ്റബോധത്തിന്റെ നിമിത്തമുണ്ട്. ഇരട്ട ലജ്ജയെന്ന പേരിൽ തന്റെ ആത്മകഥയിൽ അദ്ദേഹമത് രേഖപ്പെടുത്തിയിട്ടുണ്ട്. അച്ഛൻ മരണശയ്യയിലാണ്. എന്നിട്ടും ആ രാത്രിയിൽ അയാളോടൊപ്പമായിരിക്കുന്നതിനേക്കാൾ ഗർഭിണിയായ കസ്തൂർബയുമായി കിടപ്പുമുറിയിലായിരിക്കാൻ അയാളിഷ്ടപ്പെട്ടു. അവിടെയായിരിക്കുമ്പോൾ മുറിക്കു പുറത്തു കൊട്ട്. അച്ഛൻ കടന്നുപോകുന്നു. ആത്മനിന്ദ കൊണ്ട് അയാൾ പുകഞ്ഞു. ശരീരത്തിന്റെ ചരടുകളില്ലാതെ ആരോഗ്യപരമായ സ്ത്രീ പുരുഷ ബന്ധങ്ങൾ സാധ്യമാണോ എന്നതായിരുന്നു അദ്ദേഹത്തിന്റെ മറ്റൊരു സത്യാന്വേഷണ പരീക്ഷണം. അതിന്റെ പേരിൽ വല്ലാതെ പരിഹസിക്കപ്പെട്ടിട്ടുണ്ട് അയാൾ. ഒടുവിൽ ഗാന്ധി ഇങ്ങനെ അതിനെ നിർവ്വചിച്ചു. ബ്രഹ്മചാരിയാകുന്നതു വഴി ഒരു പുരുഷൻ പതുക്കെ പതുക്കെ ഒരു സ്ത്രീയാകുകയാണ്. ഫലത്തിൽ ഒരു കൂട്ടുകാരിയോടു തോന്നുന്ന സ്വാതന്ത്ര്യം ഒരു സ്ത്രീയ്ക്ക് അയാളോട് അനുഭവപ്പെട്ടെന്നിരിക്കും. കാര്യങ്ങളപ്പോൾ അങ്ങനെയാണ്. ഒരാളുടെ ഷാർപ്പായ ജൻഡർ എഡ്ജുകൾ സൗമ്യമാകുന്ന പ്രക്രിയയാണ് ബ്രഹ്മചര്യം. അതുകൊണ്ട് തന്നെ അയാളാരേയും വയലേറ്റ് ചെയ്യുന്നില്ല.

അസ്സീസിയിലെ ഫ്രാൻസിസിന്റെ ബ്രഹ്മചര്യ ഗ്രാഫിൽ പ്രകടമായ മൂന്ന് തലങ്ങളുണ്ട്. ആദ്യത്തേത് കഠിന നിഷ്ഠകളുടെ ഒരു കാലം. ഒരു തരം എസ്തറ്റിക് ഡിസ്റ്റൻസ്. ഒരു വസ്തുവിനെ വ്യക്തമായി കാണണമെങ്കിൽ അതിൽ സൂക്ഷിക്കേണ്ട ഒരകലം. വ്യക്തിബന്ധങ്ങളിലും ഈ സൗന്ദര്യദൂരത്തിന് ഇടമുണ്ട്. രണ്ടാമത്തേത് ചിരിച്ചുതള്ളാവുന്ന ഒരു വിചാരം. ചില പ്രിയങ്ങളൊക്കെ രൂപപ്പെടുന്നുണ്ട്. എങ്കിലും അതിനിട കൊടുക്കുന്നില്ല. തലയ്ക്കു മീതെ കിളികൾ പറന്നു പോകരുതെന്ന് ആർക്കും ശഠിക്കാനാവില്ല. മരണനേരത്ത് അത് കുറെക്കൂടി ശ്രേഷ്ഠമാകുന്നു. ജക്കോബ എന്നൊരു സ്നേഹിത അവിടെയെത്തുന്നു. ആവൃതിയുടെ നിയമങ്ങൾ അനുവദിക്കാത്തതു കൊണ്ട് അവളുടെ പ്രവേശനത്തെ തടഞ്ഞു, സഹസന്യാസികൾ. അതറിഞ്ഞപ്പോൾ ഫ്രാൻസിസ് പറഞ്ഞു: ബ്രദർ ജക്കോബയെ അകത്തേയ്ക്ക് കൂട്ടിക്കൊണ്ടു വരിക! ഇപ്പോൾ സ്ത്രീയെന്നോ പുരുഷനെന്നോ ഭേദമില്ലാത്ത വിധത്തിൽ അയാൾക്ക് തന്റെ കാലത്തെ കാണാനാവുന്നുണ്ട്. ഇതാണ് അതിന്റെ ഒപ്റ്റിമം.

തിരുവത്താഴ അനുസ്മരണയിൽ നിന്നാണ് ഒരാൾ തന്റെ സെലിബസിയുടെ ഊർജ്ജം കണ്ടെത്തേണ്ടതെന്ന് തോന്നുന്നു. ഓരോ ദിവസവും അപ്പവും വീഞ്ഞും ഉയർത്തി അയാളെന്താണ് പറയുന്നത്. അവൻ തന്റെ ശരീരത്തെ എടുത്ത് വാഴ്ത്തി. വാഴ്ത്തിയ ശരീരബോധമാണ് സെലിബസി.

അവൾ വീണ്ടും ചോദിക്കുന്നു. ഒറ്റ വാക്കിലെന്താണ് ഈ സെലിബസി. സ്നേഹം ശുദ്ധമാകുന്ന പ്രക്രിയയാണത്. ഒരു കാരണവുമില്ലാതെ ഒരാൾക്ക് സ്നേഹിക്കാനാവുമ്പോൾ അയാൾ പതുക്കെ പതുക്കെ ഒരു ക്രിസ്തുപോലുമായേക്കും!



സ്ലീബാ ദാസ സമൂഹത്തിനായി കുവൈറ്റ് മാർ ഗ്രീഗോറിയോസ് മൂവ്മെന്റ് നിർമ്മിച്ചു നൽകുന്ന വീടുകളിലൊന്നിന്റെ താക്കോൽ മാറിക സെയ്ന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗത്തിന് നൽകി കണ്ടനാട് (E) ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് അനുഗ്രഹിക്കുന്നു. ഫാ. മാത്യൂസ് ചെമ്മനാപ്പാടം. ഫാ. പി.എം. ജോൺ, സഭാ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, ഇ.പി. വർഗ്ഗീസ് മുതലായവർ സമീപം.

**സുഭാഷിതങ്ങൾ**

# അമ്മ തുന്നിയ അങ്കി

**ഫാ. സഖറിയ തോമസ്**

**കു**ഞ്ഞിന് ഒരു കുട്ടിയുടുപ്പെങ്കിലും തുന്നാത്ത അമ്മമാരുണ്ടോ? അമ്മ തുന്നിയ അങ്കി കരുതലിന്റെ ഓർമ്മപ്പെടുത്തലാണ്.

പ്രവാചകനായ ശമുവേലിന്റെ ബാല്യകാലം ഇങ്ങനെയായിരുന്നു. "ശമുവേൽ എന്ന ബാലനോ പഞ്ഞിനൂൽ കൊണ്ടുള്ള അങ്കി ധരിച്ച് യഹോവയുടെ സന്നിധിയിൽ ശുശ്രൂഷ ചെയ്തുപോന്നു. അവന്റെ അമ്മ ആണ്ടുതോറും ഒരു ചെറിയ അങ്കി ഉണ്ടാക്കി തന്റെ ഭർത്താവിനോടു കൂടി വർഷാന്തര യാഗം കഴിപ്പാൻ വരുമ്പോൾ അവനു കൊണ്ടുവന്നു കൊടുക്കും" (1. ശമു. 2:18). ശമുവേലിന്റെ അമ്മ ഹന്ന തന്റെ ജീവിതത്തിന്റെ ഇടവേളകളെയും സ്വകാര്യനിമിഷങ്ങളെയും മകന്റെ വിശുദ്ധിയുടെ അങ്കി തുന്നുന്നതിനുള്ള നിമിഷങ്ങളായി രൂപാന്തരപ്പെടുത്തി. ഹന്നയ്ക്ക് തന്റെ കുഞ്ഞിന്റെ മൂല്യമറിയാമായിരുന്നു.

ദൈവസന്നിധിയിൽ ഹൃദയം പകർന്നപ്പോൾ കിട്ടിയ സമ്മാനമാണവൻ. കുഞ്ഞുങ്ങളെ ദൈവത്തിൽ നിന്നും വാങ്ങുമ്പോൾ ഒരമ്മ സൂക്ഷിക്കേണ്ട ആത്മീയ ജാഗ്രതയുടെ ദൃഷ്ടാന്തമാണ് ഹന്ന തുന്നിയ അങ്കി. ഈ അങ്കി നൽകിയ ആത്മബലമാണ് യഹോവയുടെ അന്വേഷണത്തിന് "അടിയൻ ഇതാ" എന്ന് പറയുവാൻ ശമുവേലിനെ ശക്തനാക്കിയത്.

അങ്കി ചില നിലപാടുകളുടെ കൂടി സൂചനയാണ്. യൗസേഫ് തന്റെ യൗവനത്തിൽ പൊത്തിഫേറിന്റെ ഭവനത്തിൽ പ്രലോഭനത്തിന്റെ തീച്ചൂള കാണുന്നു. "യജമാനന്റെ ഭാര്യ അവന്റെ വസ്ത്രം പിടിച്ചു" (ഉല്പ. 39: 12). ധൈര്യപൂർവ്വം തന്റെ അങ്കി അവളുടെ കയ്യിൽ വിട്ടിട്ട് ആത്മബലത്തോടെ അവൻ നടന്നകലുകയാണ്.

യേശുവിന്റെ കാൽവരിയിലേയ്ക്കുള്ള കഷ്ടാനുഭവ യാത്രയിൽ അവിടുന്നണിഞ്ഞിരുന്ന നിലയങ്കി തന്റെ അമ്മ നെയ്തതാണെന്ന് ഓർക്കാനാണേറെയിഷ്ടം. സ്നേഹത്തിന്റെ നൂലിഴകളാൽ അത് നെയ്യപ്പെട്ടിരിക്കുന്നു. കരുതലും കാരുണ്യവും അതിന്റെ അരികുകൾക്ക് അലങ്കാരമാകുന്നു. ഒരു ശക്തിക്കും അത് പകുത്തെടുക്കാനാവില്ല.

ഒരു കുഞ്ഞിന്റെ നൈസർഗ്ഗീകമായ വളർച്ചയ്ക്ക് പ്രാർത്ഥനാപൂർവ്വമായ കാത്തിരിപ്പ് ആവശ്യമാണ്. വളരെ ധൈര്യശാലികളായ അപ്പനും അമ്മയും അവർക്ക് വേണ്ടിയിരിക്കുന്നു. ഒരമ്മയാവുക എന്നത് ഈ ഭൂമിയിലെ ഏറ്റവും സുപ്രധാനമായ കാര്യങ്ങളിലൊന്നാണ്. ആർക്കു വേണമെങ്കിലും ഒരു കുഞ്ഞിന് ജന്മം നൽകാം. എന്നാൽ ഒരമ്മയാകാൻ ഒരപ്പനാകാൻ അപൂർവ്വം ചിലർക്കേ യോഗ്യത ലഭിക്കുന്നുള്ളൂ. ഒരമ്മയാവുക എന്നുവച്ചാൽ ഒരങ്കി തുന്നുന്ന ഉണർവ്വോടെ കുഞ്ഞിന്റെ വളർച്ചയിൽ ഒപ്പം നിൽക്കുക എന്നത്രേ!

ചോക്ക്ലേറ്റ് സ്ഫോടനങ്ങളെ പ്രണയിക്കുന്ന ഒരു തലമുറ വളർന്നു വരുന്നു. ആത്മബലമുള്ള, സ്വഭാവദാർഢ്യമുള്ള ഒരു തലമുറ രൂപപ്പെടണം. നിലനിന്നിരുന്ന സങ്കല്പങ്ങളും സാംസ്കാരിക ചിഹ്നങ്ങളും അതിവേഗം മാറിമറിയുന്നു. പ്രതിരോധം അസാധ്യമെന്ന് തോന്നാമെങ്കിലും നന്മയുടെ അരികുകളിലേയ്ക്ക് ഗതി തിരിച്ചുവിടൽ സാധ്യമാണ്. അങ്കി ശരീരത്തോട് ചേർന്നു കിടക്കുന്നതു പോലെ തന്റെ കുഞ്ഞിന്റെ ആത്മാവിനെ തൊടാനാവുന്ന മാതാപിതാക്കൾക്കാണ് അവരെ രൂപപ്പെടുത്താനാവുന്നത്.

> ഒരമ്മയാവുക എന്നുവച്ചാൽ ഒരങ്കി തുന്നുന്ന ഉണർവ്വോടെ കുഞ്ഞിന്റെ വളർച്ചയിൽ ഒപ്പം നിൽക്കുക എന്നത്രേ!

കവിത

**അന്ന**

## യേശുനാഥൻ

നിറമാർന്നൊരെൻ കൊച്ചു സ്വപ്നങ്ങൾക്കെന്നുമേ,
ഒളി പകരുന്നൊരു യേശുനാഥാ,
കനിവാർന്ന താതനായ് എന്നും എനിക്കുനീ
നേർവഴി ഓതിയരുളണമേ

നിന്നുടെ ദാനമാം എൻ കൊച്ചു നേത്രങ്ങൾ,
നന്മയെ എന്നുമേ കണ്ടിടട്ടെ!
നീ അലിവോടെനിക്കേകിയ കർണ്ണങ്ങൾ,
നിൻ തിരുനാമങ്ങൾ കേട്ടിടട്ടെ!

സ്നേഹമായ് നീ തന്ന അഴകേറുമധരങ്ങൾ,
നിൻ സ്തുതി പാടിപ്പുകഴ്ത്തിടട്ടെ!
നിൻ വരമാർന്നൊരെൻ ഹസ്തങ്ങൾ എന്നുമേ,
തിരുമുമ്പിൽ അഞ്ജലി ചേർത്തിടട്ടെ
കനിവായി നീ തന്ന പാദങ്ങൾ എന്നുമെ,
സത്യത്തെ തേടി ചരിച്ചിടട്ടെ!

എൻ ചിത്തമെന്നും നീ വസിക്കുന്നൊരു,
സ്നേഹത്തിന്നാലയമായിടട്ടെ!
എൻ ജീവനെന്നുമേ നിന്നുടെ സ്നേഹത്താൽ
താരകം പോലെ തിളങ്ങിടട്ടെ!

***"ദൈവത്തോട് ചേർന്ന് നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും ചേർന്ന് നിൽക്കും"***
(യാക്കോബ് 4:8)

**പ്രത്യാശശ്രുതി**

# ഐക്യശ്രുതി

**ഡീ. അബി തട്ടക്കുഴ**

ഐക്യം പ്രയോഗത്തിലൂടെ, പ്രവൃത്തിയിലൂടെ വളരുന്നു. ഒരാൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യാൻ മറന്നു പോകുമ്പോൾ അതിലേയ്ക്ക് അയാളെ എത്തിക്കുന്നതിന് ഒരെളുപ്പവഴിയുണ്ട്. നിങ്ങൾക്കു ചുറ്റുമുള്ളവരെ സഹായിക്കാനായി നിങ്ങളുടെ സമയം ചെലവഴിക്കുക. അപ്രകാരം ഐക്യത്തിലും സ്നേഹത്തിലും ജീവിക്കുവാനുള്ള കഴിവ് വളർത്തുക. ഇപ്രകാരം ഒരാൾ തന്റെ ഉള്ളിലെ ഐക്യത്തിന്റെ പ്രതലത്തെ കണ്ടെത്തുമ്പോൾ അയാൾ പരിവർത്തിതനാവുകയല്ല, മറിച്ച് അയാൾ പുതിയൊരാളായി മാറുകയാണ്. അപ്പോൾ അയാൾ മനുഷ്യരോട് മാത്രം സ്നേഹം പ്രദർശിപ്പിക്കുന്നവനായല്ല അയാൾ സ്വയം സ്നേഹമായി മാറുകയാണ് ചെയ്യുന്നത്. തന്റെ സഹജീവികളുമായുള്ള സ്നേഹം തുളുമ്പുന്ന ബന്ധത്തിലൂടെ ഒരുവന് ഐക്യം രൂപപ്പെടുത്താൻ കഴിയും. മറ്റുള്ളവരെ സ്നേഹിക്കാൻ ആദ്യം കഴിയണം. സ്നേഹിക്കാൻ പഠിക്കുന്നതിലൂടെ ഒരാൾക്ക് ഐക്യത്തിലേയ്ക്ക് അടുക്കാനാകുന്നു.

***ജപിക്കുന്നവന് പാപമില്ല***

***പഠിക്കുന്നവന് മൂഢതയില്ല***

***മൗനം പാലിക്കുന്നവന് കലഹമില്ല***

***ഉണർന്നിരിക്കുന്നവന് ഭയമില്ല***

ഈ ദിവ്യതയുമായി ഒരാൾക്കെങ്ങനെ വ്യക്തിപരമായ ബന്ധമുണ്ടാക്കാനാകും? സ്നേഹത്തിലൂടെയാണ് ഇത് അനുഭവവേദ്യമാകുന്നത്. ഒരാൾ എല്ലാവരുമായി സ്നേഹപൂർവ്വമായ ബന്ധത്തിലായിരിക്കുമ്പോൾ അയാളിൽ ദിവ്യത സ്പന്ദിക്കുന്നു. തുടക്കത്തിൽതന്നെ ഒരാൾക്ക് ആ ദിവ്യത അറിയാനും അനുഭവിക്കുവാനും കഴിയണമെന്നില്ല.

സ്നേഹിക്കാൻ പഠിക്കുക എന്ന മന്ത്രം മരണം വരെ ഓരോ നിശ്വാസത്തിലും നിലനിൽക്കുകയാണെങ്കിൽ അയാളുടെ ദൈനംദിന ജീവിതത്തിൽ ഏറ്റവും വലിയ പ്രചോദനമായി അതു നിലനിൽക്കും. അത് ജീവിതത്തിന്റെ ബാഹ്യമായ എല്ലാ മറകളും സ്വാഭാവികമായും എടുത്തു മാറ്റുകയും തന്റെ കൺമുന്നിലും ചുറ്റുപാടിലും വേദനിക്കുന്നവരെ അല്പം സ്നേഹത്തിനായി കേഴുന്നവരെ അയാൾക്ക് കാണിച്ചു കൊടുക്കുകയും ചെയ്യുന്നു. നാം ഓരോരുത്തരും ജീവിക്കുന്നതിന്റെ ചുറ്റിലും എണ്ണമറ്റ വ്യക്തികൾ വാർദ്ധക്യം, രോഗം, അവശത, നിർഭാഗ്യം എന്നിവ മൂലം സ്നേഹത്തോടു കൂടിയ ഒരു മുഖം കാണാനും സ്നേഹമുള്ള മറുവാക്കുകൾ കേൾക്കുവാനും കൊതിച്ചിരിക്കുകയാണ്. അങ്ങനെയുള്ള ചിലരെ എന്നും കാണുമ്പോൾ അവരെ യഥാർത്ഥ ബന്ധുവായി സ്നേഹിച്ചുകൊണ്ട്, ഒരാൾ ജീവിക്കാൻ തുടങ്ങുമ്പോൾ അയാൾ ദിവ്യതയോട്, ഐക്യത്തോട് സ്വയം അറിയാതെ അടുക്കുകയാണ്.

"എന്റേതും നിങ്ങളുടേതും എന്റേത്" എന്ന് മൃഗബുദ്ധിയായൊരാൾ പറയുമ്പോൾ "എന്റേത് എന്റേത്, നിന്റേത് നിന്റേത്" എന്ന് മാനവബുദ്ധിയായ ഒരാൾ പറയുന്നു. എന്നാൽ അതി മാനവ ബുദ്ധിയുള്ള, ദിവ്യബുദ്ധിയുള്ള ഒരാൾക്ക് ഇതിനപ്പുറം പോകാൻ കഴിയുമോ. അയാൾ പറയുന്നത് ഇപ്രകാരമായിരിക്കും. "എന്റേതായി ഒന്നുമില്ല നിന്റേതായി ഒന്നുമില്ല" നവ്യമായ ബുദ്ധിയുണർന്ന് കണ്ണുകൾ കൊണ്ട് കാണുന്നതിനെല്ലാം നാശമുണ്ട് എന്ന് ഒരാൾ ഹൃദയത്തിൽ തിരിച്ചറിഞ്ഞാൽ അയാളിൽ പിന്നീട് പ്രവർത്തിക്കുന്നത് ഒരതീത ബോധമായിരിക്കും. ഈ ഒരനുഭവത്തിലെത്തിയാൽ ഭൂമിയിലെ മുഴുവൻ സൃഷ്ടിയും അയാൾക്ക് ബന്ധുക്കളായിത്തീരുന്നു.

മൃഗബുദ്ധിയിൽ നിന്ന് മാനവബുദ്ധിയിലേയ്ക്കുള്ള അകലം ചെറുതല്ല. മാനവബുദ്ധിയും കടന്ന് ദിവ്യമായ അനുഭവത്തിൽ എത്തി ജീവിതഗാനത്തിന്റെ നവ്യതയും ഐക്യവും അറിഞ്ഞവർ ചരിത്രത്തിന്റെ ഭാഗമായിത്തീരുന്നു. ഒരാളുടെ ആത്മാവബോധത്തിൽ പുതിയ ചിന്തകൾ ഉദിക്കുമ്പോൾ അയാളുടെ ചിന്താഹാസത്തിൽ പുതിയ സൂര്യനുദിക്കുകയാണ്. സകലസൃഷ്ടിയോടും സാഹോദര്യം, സ്നേഹം, കരുണ, സഹഭാവം എന്നിവയുദിക്കുകയാണ്. വൈദ്യശാസ്ത്രം പറയുന്നത് നമ്മുടെ മസ്തിഷ്ക ശേഷിയെ പൂർണ്ണമായി സക്രിയമാക്കിയാൽ പ്രപഞ്ചത്തിൽ അജ്ഞാതമായി കിടക്കുന്ന തൊണ്ണൂറ് ശതമാനവും ഒരാൾക്ക് അറിയാനാകും എന്നത്രേ. പ്രപഞ്ചത്തിന്റെ തൊണ്ണൂറ് ശതമാനവും ഇരുണ്ടതും അജ്ഞാതവുമാകുന്നു. അതുപലെ മനുഷ്യമസ്തിഷ്കത്തിന്റെ തൊണ്ണൂറ് ശതമാനവും ഉപയോഗിക്കപ്പെടാത്തതും അജ്ഞാതവുമാകുന്നു.


**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 2 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. (15 വർഷം) |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

വരിസംഖ്യാ കാലാവധി തീർന്നവർ പുതുക്കുക.

# വാർത്തകൾ-അറിയിപ്പുകൾ

## വരിഞ്ഞവിള സെയ്ന്റ് ജോർജ്ജ് പള്ളി ക്രൈസ്തവസഭയ്ക്ക് തന്നെ മാതൃക: ഉമ്മൻ ചാണ്ടി

ചാത്തന്നൂർ സെ. തോമസ് മൗണ്ട്: അതിപുരാതനവും പൗരാണികത്വവും പാരമ്പര്യവും സഭാസ്നേഹവും വിശ്വാസ തീക്ഷ്ണതയും കൊണ്ട് പ്രശസ്തവും ജാതിമതഭേദമെന്യേ ഏവരുടെയും ആശ്വാസകേന്ദ്രമായ വരിഞ്ഞവിള സെയ്ന്റ് ജോർജ്ജ് പള്ളി ക്രൈസ്തവസഭയ്ക്ക് തന്നെ മാതൃകയാണെന്ന് പെരുന്നാളിനോടനുബന്ധിച്ചുകൊണ്ടുള്ള ഏപ്രിൽ 18 ഞായറാഴ്ച വൈകിട്ട് 5 മണിക്ക് നടന്ന സാംസ്ക്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രസ്താവിച്ചു. ഇതിന്റെ തെളിവാണ് പുരാതനമായ ഈ നാട്ടിലെ ദേവീക്ഷേത്രത്തിൽ നിന്ന് താലപ്പൊലിയേന്തിയ ബാലികാബാലന്മാരും മുത്തുക്കുടകളുടെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ പുന്നക്കോട് ജംഗ്ഷനിൽ നിന്നും പരി. കാതോലിക്കാ ബാവായെയും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവായെയും അഭി. തിരുമേനിമാരെയും സ്വീകരിച്ച് പള്ളിയിലേയ്ക്കാനയിച്ചത്.

വ്യക്തികൾ തമ്മിൽ അകലുന്നത് കുടുംബങ്ങളുടെ ഐക്യം തകരുമെന്നതിന് കാരണമാകുമെന്നതിനാൽ പരസ്പര സഹകരണം ജീവിതവ്രതമാക്കി നിലനിർത്തണമെന്ന് പരി. ബസേലിയോസ് മാർത്തോമാ ദീദിമോസ് പ്രഥമൻ കാതോലിക്കാ ബാവ അനുഗ്രഹ പ്രഭാഷണത്തിൽ ഉദ്ബോധിപ്പിച്ചു.

മാനുഷിക സേവനം നടത്തുന്ന സഭകൾ മതസൗഹാർദ്ദത്തിന്റെ ഈറ്റില്ലങ്ങളായി നിലകൊള്ളണമെന്ന് ഭദ്രദീപം തെളിയിച്ചുകൊണ്ട് ദേവസ്വം വകുപ്പുമന്ത്രി കടന്നപ്പിള്ളി രാമചന്ദ്രൻ പ്രസ്താവിച്ചു.

ജാതിമത ഭേദമെന്യേ കടന്നു വന്ന ആയിരക്കണക്കിന് ഭക്തജനങ്ങളെ സാക്ഷിനിർത്തി സമന്വയാ സ്റ്റഡിസെന്ററിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ കെ. രാധാകൃഷ്ണൻ നിർവ്വഹിച്ചു. എല്ലാമതസ്ഥരേയും ഒരു പോലെ കരുതുന്ന ഈ ദേവാലയം എല്ലാ മതവിഭാഗങ്ങൾക്കും ഒരു മാതൃകയാകുന്നു എന്ന് സ്പീക്കർ പ്രസംഗത്തിൽ എടുത്തു പറഞ്ഞു. ചടങ്ങിൽ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത, വർക്കല ശിവഗിരിമഠം ജനറൽ സെക്രട്ടറി ബ്രഹ്മശ്രീ. ഋതംഭരാനന്ദ സ്വാമികൾ, ഡോ. ഡി ബാബു പോൾ, കേരളാ ഹൈക്കോടതി ജസ്റ്റിസ് കെ. ജോൺ മാത്യു, എൻ. പീതാംബരക്കുറുപ്പ് എം. പി., ബി. രാഘവൻ എം.എൽ.എ., അസ്സീസിയാ മെഡിക്കൽ കോളേജ് ചെയർമാൻ അബ്ദുൽ അസ്സീസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. വേണുഗോപാൽ എന്നിവർ പ്രസംഗിച്ചു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്ത, ഫാ. മാണി കെ. വർഗ്ഗീസ് ബാംഗ്ലൂർ, വി. കെ. ജോർജ്ജ് മുതലാളി എന്നിവർ ആശംസകൾ അറിയിച്ചു. സ്വാഗതം ഫാ. കോശി ജോർജ്ജ് വരിഞ്ഞവിളയും കൃതജ്ഞത സമന്വയ സ്റ്റഡി സെന്റർ ഡയറക്ടർ സൂസൻ കോശിയും നിർവ്വഹിച്ചു.

## മാർഗ്ഗനിർദ്ദേശക ക്യാമ്പ്

2010 ഏപ്രിൽ 5 മുതൽ 8 വരയുള്ള ദിവസങ്ങളിൽ 10-ാം ക്ലാസ്സിൽ പരീക്ഷയെഴുതിയ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശക ക്യാമ്പ് പാമ്പാക്കുട സമന്വയയിൽ നടക്കുകയുണ്ടായി. പ്രസ്തുത ക്യാമ്പിൽ കുട്ടികൾക്കായി അഭിരുചി പരീക്ഷകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തർക്കും മുന്നോട്ടുള്ള പഠനത്തിനും തൊഴിൽ തിരഞ്ഞെടുക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. അഭിരുചി പരീക്ഷകൾക്കും കൗമാര പ്രായത്തിലെ ശാരീരിക മാനസിക ആരോഗ്യത്തെക്കുറിച്ചുള്ള ക്ലാസ്സുകൾക്കും ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരായ ഫാ. എഡ്വേർഡ് ജോർജും, ശ്രീമതി ദിവ്യ കെ. തോമസും നേതൃത്വം കൊടുത്തു. വിവിധ തൊഴിൽ സാധ്യതകളെക്കുറിച്ചും അതിനു വേണ്ടിയുള്ള തെരഞ്ഞെടുപ്പും പഠനവും സംബന്ധിച്ചും ഡോ. രാജൻ ജോർജ്ജ് (H.R. Trainer) നൽകിയ ക്ലാസ്സ് ഏറെ പ്രയോജനപ്രദമായിരുന്നു. കൂടാതെ മൂല്യാധിഷ്ഠിത ജീവിതത്തെക്കുറിച്ച് സമന്വയ ഡയറക്ടർ ഡോ. എം.പി. മത്തായിയും ജീവിതത്തിൽ കലകളുടെ സ്ഥാനത്തെക്കുറിച്ച് ഫാ. പ്രിൻസ് കളപ്പുരക്കലും ക്ലാസ്സെടുത്തു. ഏറെ ശ്രദ്ധേയമായ മറ്റൊരു ക്ലാസ്സ് പോലീസ് ഡിപ്പാർട്ടുമെന്റിന്റെ സൈബർസെൽ വിഭാഗത്തിൽ നിന്നുള്ളതായിരുന്നു. ഏറെ കാലിക പ്രസക്തിയുള്ള വിഷയങ്ങളായ സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയവയുടെ ദുരുപയോഗങ്ങൾ സംബന്ധിച്ചുമായിരുന്നു അത്.

## ശെമ്മാശപട്ടം സ്വീകരിച്ചു

ഈസ്റ്റ് മാറാടി: ചെമ്പകത്തിനാൽ സി. എ. ഏബ്രാഹാമിന്റെയും ഏലിയാമ്മയുടെയും മകൻ എബിൻ ഏബ്രഹാം കണ്ടനാട് (E) ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയിൽ നിന്ന് പൂർണ്ണ ശെമ്മാശപട്ടം സ്വീകരിച്ചു. എഞ്ചിനിയറിംഗ് ബിരുദധാരിയായ ഡീ. എബിൻ ഇപ്പോൾ ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളേജിലെ ഫൈനൽ ഇയർ ബി.ഡി. വിദ്യാർത്ഥിയാണ്. പട്ടം നൽകലിനു ശേഷം ചേർന്ന അനുമോദനയോഗത്തിൽ അഭി. തിരുമേനി അദ്ധ്യക്ഷത വഹിച്ചു. കണ്ടനാട് ഭദ്രാസന സെക്രട്ടറി ഫാ. ഏബ്രഹാം കാരാമ്മേൽ, വൈദീക സെക്രട്ടറി ഫാ. ബിനോയ് ജോൺ, ഗിലയാദ് ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സൈമൺ വർഗ്ഗീസ്, ജോബി ജോയി (U.T.C.) എന്നിവർ പ്രസംഗിച്ചു. ശെമ്മാശൻ ആശംസകൾക്ക് കൃതജ്ഞത പ്രകാശിപ്പിച്ചു.

N.R.No.:412140/90
Reg. No. KL/ALY/0041/2009-11 **DIOCESAN BULLETIN**
2010 May 15
Rs. 5/-

## ശുശ്രൂഷക സംഘം വാർഷികം

പാമ്പാക്കുട: ശുശ്രൂഷകർ തങ്ങളുടെ സ്വത്വം തിരിച്ചറിയണമെന്നും എങ്കിൽ മാത്രമേ തങ്ങളുടെ ശുശ്രൂഷാ ജീവിതം ഫലപ്രദമായും ആത്മസംതൃപ്തിയോടും കൂടി നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ എന്ന് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. കണ്ടനാട് (E) ഭദ്രാസന ശുശ്രൂഷാ സംഘത്തിന്റെ വാർഷിക കൂട്ടായ്മ സമന്വയയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശുശ്രൂഷകസംഘം (AMOSS) കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. തോമസ് ആൻഡ്രൂസ് അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. എബ്രാഹാം കാരാമ്മേൽ ആശംസകൾ അർപ്പിച്ചു. ഫാ. ജോൺ വി. ജോൺ, ജന. സെക്രട്ടറി ശ്രീ. ജോസ് കുര്യൻ പുളിയേരിൽ, ബ്രദർ വിജു ഏലിയാസ് എന്നിവർ ക്ലാസ്സെടുത്തു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ഗീവർഗ്ഗീസ് പതപ്പിള്ളിൽ, സെക്രട്ടറി കെ.പി. ബിജു, ഡീ. അബി തട്ടക്കുഴ, ബ്രദർ അനു ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

ഉച്ച കഴിഞ്ഞ് വിവിധ മത്സരങ്ങൾ നടത്തി. OVBS ഡയറക്ടർ ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ സമാപന സന്ദേശം നൽകി. വിവിധ മത്സര വിജയികൾക്ക് സമ്മാനദാനവും നടന്നു. ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നിന്നായി അറുപതോളം പ്രതിനിധികൾ പങ്കെടുത്തു.

## സ്വാശ്രയാ - റോട്ടറി കുടിവെള്ള പദ്ധതി

വെട്ടിക്കൽ: കുടിവെള്ള പദ്ധതിയുമായി സ്വാശ്രയാ പൊതുജന സേവനരംഗത്ത് ഒരു കാൽവെയ്പു കൂടി നടത്തി. സ്വാശ്രയയും റോട്ടറി തൃപ്പൂണിത്തുറ റോയലും സംയുക്തമായിട്ടാണ് കുടിവെള്ള പദ്ധതി നടപ്പിലാക്കിയത്. വെള്ളത്തിന് ഏറെ ദൗർബല്യമുള്ള വെട്ടിക്കൽ-പുളിക്കമാലി റോഡിൽ ഈ പദ്ധതി വഴി ഏകദേശം മുപ്പതോളം കുടുംബങ്ങൾക്കും പൊതുജനങ്ങൾക്കും പ്രയോജനം ലഭിക്കും.

കുടിവെള്ള പദ്ധതിയുടെ സമർപ്പണവും ഉദ്ഘാടനവും സ്വാശ്രയാ മാനേജിംഗ് ട്രസ്റ്റി ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. റോട്ടറി തൃപ്പൂണിത്തുറ റോയലിന്റെ പ്രസിഡന്റ് റൊട്ടേറിയൻ രാജു അദ്ധ്യക്ഷത വഹിച്ചു. ഫാ. മേരീദാസ് സ്റ്റീഫൻ, ഫാ. ഗീവർഗ്ഗീസ് പതപ്പിള്ളിൽ, റെജി എബ്രാഹം, റൊട്ടേറിയന്മാരായ അനിൽ, മാത്യു ഓലിക്കൽ, നാരായണൻ എന്നിവർ ചടങ്ങിന് ആശംസകൾ അർപ്പിച്ചു. ഏകദേശം 3 ലക്ഷം രൂപ പദ്ധതിക്ക് ചെലവഴിച്ചു.



കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടന്ന ഓർത്തഡോക്സ് സഭ മെത്രാഭിഷേക ശുശ്രൂഷയിൽ നവാഭിഷിക്തരായാ ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, ഡോ. യൂഹാനോൻ മാർ തേവേദോറോസ്, യാക്കോബ് മാർ ഏലിയാസ്, ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. സഖറിയാസ് മാർ അപ്രേം, ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്, ഡോ. എബ്രാഹാം മാർ സെറാഫിം എന്നിവർ.

Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha